Abdul Azeez Abdulla P
Abu Madan Ahmed Aneebraj
Anish PK Afsar Ambili Amit Sharma
Anitha TV Anjali K Anjali Pandey Anjana V
Anoob John Anoop C Anu P Atul Anupama
Anuradha Akella Angel Arun Baby
Anuradha Sivarajan Anuraj VT Ashik Aquil
Asha Jalal Ashib Biju Stephen Bindu
Bhagiaroopa Biju R Ciji Binoy Bushra
Bini Binila Binoj Catherine Deepak
Dalia Deepthi RV Deepu Sebastian
Devraj Dipu K
Faizal Hariganesh Fathima Sherin
Gopakumar Hitha Harsha Honeyrose
Iqbal Jaison Harish
Ishwar Jaheersha Hrishikesh Jasmine
Deepthi Ramakrishnan Junais Jayan Jesheena
Jiju Jisha Jishnu Josmy Jyothi Sangwan
Jyothi Vijayakumar Lasida Liju Lineesh
Lisha Madho Kumar Lima Mansoor
Merin Mishal
Mahesh Babu
Manu Manju Nishil
Shiras Shereef
Monika Mukund Saleem Roshan
Nasheeda Ashraf Muneera Mukesh
Nipsy Nithya Nikhil Suraj
Neeraj Nabil Naiji Nilima
Nithin Neenu Noora Noorudheen
Nadiya Nasheeda Mariyam
Nikil Sudarsan

Padmaja Pameeli
Padmini Priya Prasoon Pandey
Preethi Retheesh KV Prashant Gupta
Praveen Radhika K Prajith Rekha
Preetha Rachita Rakesh Kumar Remya
Radhika Kaimal Raniprabha
Rajeshwari Rejith Raju P Ranjith
Raveendran Rosmi Riza Prathosh
Renu Retheesh PS Richitra Renji Roja
Rosmy Rosemary Sabarinath Roshi
Sajjad Saji Sagesh Sachin Sajeena
Sajna Sandhya KP Shajeera Sandhya P Saneej
Shamja Sophia Sherin Sangeetha
Sanoj Shabana Shama Parween
Shanty Sheeba Shija MS Sivaprasad
Shijin Paladan Shiji Shihabudheen
Sreejith MK Simi Silsilah Sijith KR
Suchith C Sruthi Srijith Nair Subha
Sudheer Kumar Suja K Mathai
Gopalakrishnan Suneesh Kumar
Suja O Sreejith ES Suraj Suja KG Tittu
Suvrat Verma Tessy Tils Sweety Vani
Vidya N Vimohan Vineeth Vineetha Vaidehi
Vinod GV Vipin JP Vidya Ramdas Vipin VB
Vinod Scaria Vipindas Vinu Jose
Vishavdeep Goyal Volga Wales
Zebunnisa Zuhail

# ഒരുവട്ടംകൂടി

*Celebrating 25 years of being 42nd*



# സ്മരണിക



**Oil on Canvas by Dr. Jaheersha Pakran**

## Organizing Committee

Dr. Rejith Valsalan
Dr. Mansoor Ali
Dr. Aquil Kalanad
Dr. Ambili Aravind
Dr. Jishnu Narayanan
Dr. Priya Velayudhan
Dr. Ashik Sasidharan
Dr. Vineetha
Dr. Sreejith M K
Dr. Hitha
Dr. Lasida Ali
Dr. Saneej K
Dr. Dalia Vasu
Dr. Harish Narayanan
Dr. Nikil Sudarshan
Dr. Raju P
Dr. Anitha T V
Dr. Asha Jalal
Dr. Bhagiaroopa K
Dr. Saji V T
Dr. Jisha
Dr. Anupama Bisaria
Dr. Tittoo Oommen
Dr. Faizal U
Dr. Vimohan Kumar
Dr. Sisilah Ali

## Magazine Committee

Dr. Rejith Valsalan
Dr. Silsilah Ali
Dr. Mansoor Ali
Dr. Mukund A Prabhu
Dr. Saneej K
Dr. Zebunnisa S P

## Editorial Board

Dr. Silsilah Ali
Dr. Subha Kurian



CONTENT

# താളുകൾ മറിയുമ്പോൾ


തിരികെ ..... 04
ഡോ. ശുഭ കുര്യൻ കെ

Silver Threads of Memories; A Medical Batch's Chronicle - Dr. Junais K ..... 05

The Uphill Trek ..... 06
Dr. Jaheersha Pakran

The Mother's Gift ..... 08
Dr. Manu Bhasker

Who was she ? ..... 09
Dr. Priya Velayudhan

ലൈബ്രറിയിലെ പുസ്തകപ്പുഴുക്കൾ ..... 10
ഡോ. നിഖിൽ സുദർശൻ

ഒരു പൂവിന്റെ പരിണാമം ..... 12
ഡോ. സെബുന്നീസ എസ്.പി.

വിധിയുടെ നരബലി മൃഗങ്ങൾ ..... 18
ഡോ. ആഷിക്ക് ശശിധരൻ

The Summit ..... 19
Dr. Nabil Sherif Mahmood

Am I Going To Be All Right? ..... 20
Dr. Nilima Rahael Muthachen

ഓർമ്മച്ചിത്രങ്ങൾ 21

Sixth Sense ..... 24
Dr. Wales T. George

വീണു പോകാത്ത ശിഖരം ..... 26
ഡോ. നിഷിൽ മുഹമ്മദ്

Memories From First MBBS Days ..... 29
Dr. Sheeba P.M.

എന്റെ ക്യാമ്പസ്സ് 25 വർഷങ്ങൾക്കു മുൻപ് ..... 32
ഡോ. റോസ്മി വർഗീസ്

ഒരു ഓർമ്മക്കുറിപ്പ് ..... 33
ഡോ. ഷാന്റി സെബാസ്റ്റ്യൻ

The Revelation ..... 34
Dr. Vidya Ramdas

മധ്യം ..... 35
ഡോ. സുനീഷ് കൃഷ്ണൻ

ഒരുവട്ടം കൂടി എന്നോർമകൾ ..... 36
ഡോ. എയ്ഞ്ചൽ ലൂസി ജെയിംസ്

മാലിദ്വീപും 33 സുന്ദരിമാരും ..... 37
ഡോ. ശുഭ കുര്യൻ, ഡോ. സിൽസില അലി, ഡോ. ജിഷ പി, ഡോ.സെബുന്നീസ

Just looks ? ..... 41
Dr. Padmini Hannah Noone

Eight Haikus ..... 42
Dr. Anish P K

എന്റെ ബാല്യകാല സ്മരണകൾ ..... 43
ഡോ. സിൽസില അലി

# എഡിറ്റോറിയൽ

1998 നവംബറിലാണ് ഞങ്ങൾ ആദ്യമായി കണ്ടുമുട്ടുന്നതും സുഹൃത്തുക്കളാവുന്നതും. ബഷീറിയൻ ഭാഷയിൽ പറഞ്ഞാൽ 'ജീവിതം യൗവന തീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായ' മധുര പതിനെട്ടുകാരായ 200 അപരിചിതർ. പിന്നീടുള്ള അഞ്ചാറു വർഷക്കാലം ഞങ്ങളോരോരുത്തരും ഒരുമിച്ചായിരുന്നു. ഉണ്ടതും ഉറങ്ങിയതും, അന്നേവരെ പരീക്ഷകളിൽ ഒന്നാമതായവർ ആദ്യ തോൽവിയുടെ വേദന അറിഞ്ഞതും, ആദ്യപ്രണയം നുകർന്നതും, പ്രണയ നൈരാശ്യത്തിൽ വെന്തുവെണ്ണീറായതും, അവയിൽ നിന്ന് ഫീനിക്സ് പക്ഷിയെ പോലെ ഉയിർത്തെഴുന്നേറ്റതും.... അങ്ങനെ ജീവിതത്തിലെ ഒരു പാട് ആദ്യാനുഭവങ്ങൾ. അപ്പോഴെല്ലാം ഓരോരുത്തർക്കും താങ്ങും തണലുമായി മറ്റുള്ളവർ.

ആറു വർഷത്തിനു ശേഷം വിധി ഞങ്ങളെ ലോകത്തിന്റെ പലഭാഗങ്ങളിലേക്കായി പറിച്ചു നട്ടു. പലരും കടൽ കടന്നു പോയി. മറ്റു ചിലർ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോയി. ഇനിയും ചിലർ തങ്ങളുടെ കലാലയത്തിനെ പിരിയാനാവാതെ കോഴിക്കോട് മെഡിക്കൽ കോളേജിൽതന്നെ നിലയുറപ്പിച്ചു. പിന്നീടുള്ള ജീവിതം പല പ്രതിസന്ധികളോടുമുള്ള പടവെട്ടലായിരുന്നെങ്കിലും ഫോൺകാളുകളുടെ രൂപത്തിലും മറ്റും ഞങ്ങൾ പരസ്പരം തുണയായി.

ഇന്ന് 2023. ഈ 25 വർഷങ്ങൾ ലോകത്തിന് തന്നെ വളരെ വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. നടപ്പിലും എടുപ്പിലും ഭാവത്തിലും കാഴ്ചപ്പാടുകളിലും ഈ ലോകം ഒരു പാട് മാറി. എന്തിന്, കോഴിക്കോട് മെഡിക്കൽ കോളേജും കോഴിക്കോട് നഗരവും പോലും മാറി. ഒന്നു രണ്ടു വർഷങ്ങൾക്കു മുമ്പുള്ള നമ്മുടെ **norms** പോലും ഇന്നു നമുക്ക് പഴഞ്ചനാണ്. അപ്പോൾ പിന്നെ 25 വർഷങ്ങൾക്കു മുമ്പുള്ള നാം ഓരോരുത്തരേയും ഒന്നു സങ്കൽപ്പിച്ചു നോക്കൂ. 25 വർഷങ്ങൾക്കു മുമ്പുള്ള ലോകത്തിലേക്ക് സഞ്ചരിക്കാൻ ഒരു അവസരം കിട്ടിയാൽ നമുക്ക് വീണ്ടും അവിടെ ജീവിക്കാൻ സാധ്യമല്ലതന്നെ. ഇന്ന് ഒന്ന് കറണ്ട് പോയാൽ, **wifi** സിഗ്നൽ കട്ടായാൽ, മൊബൈൽ ഫോൺ മറന്നു പോയാൽ അസ്വസ്ഥരാവുന്നു നാം. എങ്കിലും 25 വർഷങ്ങൾക്കിപ്പുറം മാറാത്ത ഒന്നുണ്ട് - 98 ലെ പോലെയോ അതിലും ദൃഢമായതോ ആയ ഞങ്ങളുടെ സൗഹൃദം.

1998 ഞങ്ങൾ ഓരോരുത്തരുടേയും ആദ്യ കാൽവയ്പായിരുന്നു-ജീവിതകാലം മുഴുവൻ കൂടെ കൂട്ടേണ്ട പരസ്പര സൗഹൃദത്തിലേക്കും ഞങ്ങളുടെ ഓരോരുത്തരുടേയും ജീവിതമാർഗമാവേണ്ട വൈദ്യവൃത്തിയിലേക്കും.

'98 ഇരുപത്തഞ്ച് വർഷങ്ങൾക്കിപ്പുറം കോഴിക്കോട് മെഡിക്കൽ കോളേജിൽ വീണ്ടും ആവർത്തിക്കുകയാണ്. 'ഒരു വട്ടം കൂടി' കണ്ടു മുട്ടാനും സൗഹൃദം പുതുക്കാനും ...

എന്ന്,

42-ാം ബാച്ചിനു വേണ്ടി

ഡോ. സിൽസില അലി



ഡോ. ശുഭ കുര്യൻ കെ.

# തിരികെ

തിരികെ നടക്കാമിത്തിരിനേരം
ഓർമ്മച്ചിന്തുകൾ തേടിയീ
നടവഴികളിൽ, ഇടനാഴികളിൽ
കഥ കേട്ടിരിക്കാം വീണ്ടുമീ
പൂമുഖപ്പടിയിൽ പ്രൗഢസുന്ദരം
നാഴിക മണികൾക്കുമിപ്പുറം
തിരികെയെടുക്കാം ഇവിടെയേതോ
കോണിൽ മറന്നിട്ടൊരെൻ
കളിയും ചിരിയും കൗമാരവും
പിന്നെയാ കുഞ്ഞുസ്വപ്നങ്ങളും
ഇന്നിന്റെയാകുലതകൾ ഓട്ട-
പ്പാച്ചിലുകൾ വിട്ട് തിരികെ
നടക്കാമിത്തിരിനേരം, ഇത്തിരി
ദൂരമാ നഷ്ടതാളങ്ങൾ തേടി...

# “Silver Threads of Memories: A Medical Batch's Chronicle”

Dr. Junais.K



In Kozhikode's embrace, we gather this day,
A quarter-century since we found our way,
Nostalgia swirls like sea breeze in the air,
College love and laughter, memories rare.

Oh, how time has flown, like a fleeting dream,
From nervous freshers to a confident team,
In anatomy's cadaverous abode,
We formed bonds that only time could erode.

Through late-night studies in the college hall,
And chai breaks at junction cafes, we'd recall,
Those days of innocence, laughter, and fun,
42nd batch, a medical journey begun.

Amidst the spices that danced on our tongues,
Kozhikode's flavors, sweet melodies sung.
Now, we raise a toast to twenty-five years,
Through successes and struggles, through joys and tears,

To the friendships forged, ever so tight,
A batch united, shining bright in the night.
As we rekindle the flames of the past,
Our alma mater's love, forever steadfast,

In the corridors of time, we find,
The legacy of 42nd batch, intertwined.

*(Assisted by ChatGPT)*











# The Uphill Trek

Dr. Jaheersha Pakran

I trod upon the same steep path
The peak of which lies beyond my sight
How much longer can I hold
When my mind is numb and limbs so worn

Surely it's impossible
Will end up as wasted bones
Which someday a passerby
Will remark, a poor lost soul

But wait, look back my heart
How much have you tarried b'fore
No feeble feat was it
What you have done so far

If I can climb this far
Can't I go furthermore
Tired mind and limbs pause
But giving up, don't think of yet

The trees give me fruits
And streams, water poured
My weary soul, rest a bit
Rest a bit, and praise your Lord

Get up now, travel at your pace
This journey is no fast race
An endurance test t'is
That none compares at it's cease

Why is it so dark, in a place so low
With tears gagging and drowning me slow
Ask help, of ego, let go
Kinds spirits of friends and clan
Will form a chain to get you out
Get you out from the dark well

That you stumbled unknowing
Unknowing that this too was decreed
As part of your test
The darkness within raised walls
But served its purpose too well

Now you are consoled
Put down some of your load
The sack that burdened your back
Is light and ready to go

Miles fly fast, in company of pleasant fellow
Yet this journey you must make solo
Enjoy both rain and shine
In storms take refuge in Divine

And still journey on
If you will
What! Wait, the peak is reached!
The valley below is sublime
Peace of mind and gentle breeze
Weaves through my troubled heart awhile

But my startled eyes catch the sight
Of the next sharp hill, yonder my site
Will this trek never end
Shall I give up, lose hope and stop

My dear soul please discern
The hills and valleys are replete
With rich experience and people to learn
And provisions and trials to beat

Smile through the varying landscape
Through it all enjoy, endure
For what awaits you
No eyes have seen, no hearts have felt
A return for the final rest

What have you left behind, I'm asked
Is it wealth, glory and havoc
Which others will ache now
Now that you are gone

No! I say. I left behind
A smile, some cool water
And few soft words to comfort
Comfort other weary souls
Who are tired or feeling lost

I left a seed on my path
That has turned a shaded tree
For those who started late
On this journey of the soul

Then come My servant to this spring
Let me wash you off all sin
Recline and enjoy in this shade
Fresh and shining like a jade

Don't ask the time, dear one
For it's duty is done
Finally, find the missing piece
You were yearning till now
Your heart is now complete
Your excellent company, behold

Would you have travelled differently?
Now that, of the truth, you know.
Never!  The journey was worth't
Every jump, trip and fall
For those were but stepping stones
In the journey of my soul

Believed I was a broken quill
But, can't a broken color give hues still?
A frail rainbow besides the darken cloud
That'll as yet inspire a wounded soul.



# The Mother's Gift



Dr. Manu Bhasker




"Sir, this is the only occasion, my child will get to go out and see the world. As a family we hardly travel to such destinations." requested Nandini's mother to the class teacher, who was planning to take the students on a trek to Annapoorna Base camp, in Nepal. As the admission to the trekking group was restricted, Meenakshi, took the extra effort to ensure that her daughter got to be in the group. Meenakshi always remained an indulging mother. Whatever her daughter wanted, she would get it for her. Having grown up in poverty, she did not want her only daughter to suffer the limitations of resources. She had to raise the daughter single handed and it was not an easy job, as Nandini had a flair for the best and the extravagant. Decades later, after marriage also, Nandini continued with her old ways of spending. Exasperated, at times, her husband, Rajan, would complain to the old lady, for being so over indulgent with her daughter. With time, Meenakshi, became a loving memory in the hearts of Nandini and Rajan. Nandini always longed for a particular piece of diamond jewellery. " whatever she wants, you just buy it for her. That is the easiest way to peace" Rajan remembered the old Meenakshi's words and they both went to the jeweller's shop. As they were discussing the price of a particular earring, which Nandini had selected for herself, Rajan realized that they were short by one lakh rupees. Interestingly, Nandini's phone rings. Her uncle calls up to inform her about a sum of one lakh that would be credited to her account which was the annuity of the life insurance sum that Meenakshi had taken long back. Even after having left her earthly existence, the mother's desire that her daughter should be happy always, manifested as the unexpected cash at the most appropriate time.

# Who was She ???



Dr. Priya Velayudhan

She stood there...
Amongst the merry youth donning
Their academic regalia with pride
Their eyes glittering with joy
Tongues spilling mirth, stories and memories
The hustle bustle of crisp outfits
The glorious purchases of the first earnings
Faces prepped, nails painted , hair done
The smiles beautified by pictures
Walks shining with effects
Music rushing to the skies
Lights panning the floors....

Their new lives stretched brightly ahead
Glory of future leading them on....
Like a mirage at the horizon...
The masts of friendships they had built
Were to help them sail smoothly
Through the seas that lay unconquered
They knew the little world they inhabited
Was a cocoon that helped the butterflies emerge

She listened ..the rush of emotions inside
the mask of serenity
Remembering the days past, surrounded by fun
Reminiscing the longer walks she walked alone....
About hoping that her decks would be her forever heaven
But finding they were creekboats in a raging sea
And how quickly did autumn come, the leaves fallen
As if they were always meant to fall
She had been drowned in misery of losing
Treasures she had meant to hold a lifetime
The roung peg in square hole that took a lot of moulding
The scars adorning now as tattoos of courage

She was a bird now...not longer a butterfly
There was the nest ...nd she needed her rest
She had foraged, soared and browned in the sun
The spring was coming,,,her folks did call
She had been wishing....now she had to go
The warm den n food was waiting for her

They met, they shared, they sang n danced
The gay colours wrapped over bruised souls
Some smarting, some healed, some healers too
The ways were different...the struggles were not
The stories were different...the hopes were not
There was no loss, just strengths gained
There were no slights... just flights and lights
The ships were back at sea again
Built better n painted in regalia of life.



# ലൈബ്രറിയിലെ
# പുസ്തകപ്പുഴുക്കൾ



ഡോ. നിഖിൽ സുദർശൻ

**കോ**ളേജ് ലൈബ്രറിയിൽ സ്ഥിരതാമസമാക്കിയ രണ്ട് പുസ്തകപുഴുക്കളുണ്ടായിരുന്നു. ആർത്തി മൂത്ത് വിവരങ്ങളായ വിവരങ്ങളൊക്കെ കാർന്ന് തിന്ന് ജീവിച്ചവർ. ഒരു ദിവസം ചെറുപ്രാണികളെക്കുറിച്ച് വിശേഷിപ്പിക്കുന്ന ഒരു നിഘണ്ടുവിൽ ആൺപുഴു മുന്നിൽ നിന്നും പെൺപുഴു പിന്നിൽ നിന്നും താളുകൾ കരണ്ട്വരികയായിരുന്നു. പുസ്തകത്തിന്റെ മദ്ധ്യത്തിൽ വെച്ച് കുറച്ചൊരു ഞെട്ടലോടെ അവരുടെ കണ്ണു കളുടക്കി. പക്ഷേ ഈഗോ കാരണം രണ്ടു പേരും അധികമൊന്നും ശ്രദ്ധ കാണിക്കാതെ പെട്ടെന്ന് കടലാസിലേക്ക് തലകുനിച്ച് വീണ്ടും നടന്ന് നീങ്ങി. എന്നാൽ കാര്യങ്ങൾ കുറച്ച് കുഴഞ്ഞു മറിയുകയാണ് ഉണ്ടായത്. ചങ്ങമ്പുഴ പുസ്തകങ്ങളിൽ എപ്പോഴോ അബദ്ധവശാൽ കയറി ഇറങ്ങിയപ്പോൾ മനസ്സിൽ കയറിക്കൂടിയ മൂളിപ്പാട്ടുകൾ ആൺപുഴുവിനെ അലട്ടാൻ തുടങ്ങി. പെൺപുഴുവാകട്ടെ ഒന്നും അറിയാത്ത മട്ടിൽ ആൺപുഴുവിന്റെ അടയാളങ്ങൾ തേടി മാർക്സിന്റെയും സോക്രട്ടീസിന്റെയും കടുകട്ടി ഗ്രന്ഥങ്ങളിലൂടെ ഒരു താളുപോലും രുചിക്കാതെ രഹ സ്യമായി അലഞ്ഞു.

ഒടുവിൽ ഒരു മഴയുള്ള വൈകുന്നേരം ബാക്കി പുഴുക്കൾ തണുപ്പിൽ നിന്ന് രക്ഷപ്പെടാനായി കട്ടിലുകളിലും വിളക്കുകളിലും ചടഞ്ഞു കൂടിയപ്പോൾ ആൺപുഴുവും പെൺപുഴുവും ഒരു കാന്തിക ശക്തിയിൽ പെട്ട പോലെ പ്രണയപുസ്തകങ്ങളു ടെയും കവിതകളുടെയും അലമാരക്കരികിൽ എത്തിപ്പെട്ടു. ചുറ്റും ആരും ഇല്ലെന്ന് ഉറപ്പായപ്പോൾ അന്യോന്യം പുഞ്ചിരിച്ചു. കാതടപ്പിക്കുന്ന മഴയുടെ ശബ്ദം സംസാരിക്കാനും അവർക്ക് ധൈര്യം കൊടുത്തു. പിന്നീടങ്ങോട്ട് ലൈബ്രറിയിൽ തിരക്കുള്ള സന്ധ്യകളി ൽ ബോട്ടണി സുവോളജി പുസ്തകങ്ങൾ ഭക്ഷിക്കുന്ന വ്യാജേന കണ്ണിൽ കണ്ണും നട്ട് വല്ലപ്പോഴും അറിയാതെ എന്നോണം കൈവിരലുകൾ ഉടക്കി സമയം തള്ളി നീക്കി. ആളൊഴിഞ്ഞ രാത്രികളിൽ ജാള്യതകളും ഭയവും കൂടാതെ പൈങ്കിളി നോവലുകളുടെ താളുകളിൽ കൈ പിടിച്ചു കൊണ്ട് മുമ്പ് അരോചക മായി തോന്നിയിരുന്ന ഇക്കിളി വാക്കുകൾ തിരഞ്ഞ് പിടിച്ച് അടർത്തിയെടുത്ത് അന്യോന്യം രുചിക്കാൻ കൊടുത്തു. തങ്ങൾ കണ്ടുമുട്ടിയ ആ നിഘണ്ടുവിൽ നിന്നും 'പുസ്തകപ്പുഴു' എന്ന പേജ് ഒഴികെ ബാക്കി എല്ലാം കടിച്ച് തിന്നു. ഒരു തരം സ്മാരകം പോലെ.

രാത്രികളിൽ അവിടെ പ്രണയാതുരരായ പുഴുക്കളു ടെയും, മഴപ്പാറ്റകളുടെയും, ഉറുമ്പുകളുടെയും രഹസ്യമായ ഒരു സമാന്തര ലോകം തന്നെ ഉണ്ടെന്ന് അവർ കണ്ടുപിടിച്ചു. ആലിംഗനങ്ങളും, കണ്ണേറുകളും, ചുംബനങ്ങളും സദാചാരമായി അനുവദിച്ചിരുന്ന ഒരു സ്വപ്നലോകം.

പരിണാമനിയമങ്ങൾ പ്രകാരം അനാവശ്യമാണെ ന്ന് കല്പിക്കപ്പെട്ടിട്ടും പുഴുക്കൾ തമ്മിൽ കാമം നിഷിദ്ധമാണെന്ന് അറിഞ്ഞിട്ടും അവർ കെട്ടിപ്പുണർ ന്നും, ചുരുണ്ടും, മറിഞ്ഞും, പുസ്തക ചട്ടകളിൽ നിന്ന് ഊർന്ന് വീണും ഉന്മാദത്തിന്റെ എഴുതപ്പെടാത്ത തല ങ്ങൾ കണ്ടറിഞ്ഞു.

അങ്ങനെയിരിക്കെ പെൺപുഴുവിൽ ചില മാറ്റങ്ങൾ വന്നു തുടങ്ങി.

ശരീരം ചെറുതായി തുടുത്തു വരാൻ തുടങ്ങി. ചലനങ്ങളും സംസാരവും മന്ദഗതിയിലായി. പ്രണയ ത്തിലും ഭക്ഷണത്തിലും താത്പര്യമില്ലാതായി. ആൺ പുഴുവിന് വേദനിച്ചു.

ഒരു ദിവസം അവൻ നെഞ്ചു പൊട്ടിക്കുന്ന ഒരു കാഴ്ചയാണ് കണ്ടത്. പെൺപുഴു ചലനമറ്റ് പരിണാമ സിദ്ധാന്തപുസ്തകങ്ങളുടെ അലമാരയുടെ ഒരു തട്ടിൽ നിന്നും തൂങ്ങി കിടക്കുന്നു.

അവളെ തലോടിയും ഒച്ചവച്ചും തട്ടിയും വിളിക്കാൻ ശ്രമിച്ചു . പക്ഷേ ഒരു അനക്കവുമില്ല.

അവൻ ആ അലമാരത്തട്ടിൽ കണ്ണെടുക്കാതെ നിലയുറപ്പിച്ചു. അവൾക്കിഷ്ടപ്പെട്ട മിനുസമുള്ള കടലാസ് തുണ്ടുകളും, പുതിയ പുസ്തകചട്ടയിലെ മധുരമുള്ള പശക്കഷ്ണങ്ങളും, ജനലരികിൽ വെച്ച നാലുമണി പൂക്കളുടെ ഇതളുകളും ഏറേ ബുദ്ധിമുട്ടി കഴിക്കാനായി കൊണ്ടു കൊടുത്തു. എന്നിട്ടും അവൾ എഴുന്നേറ്റില്ല. നിരാശനായി അവൻ തിരിച്ച് പോയി.

രണ്ടാമത്തെ ദിവസം അവളുടെ ചലനമറ്റ ശരീരം ഒരു പൂപ്പൽ കൊണ്ടുമൂടിയ പോലെ കണ്ടു. ഏതോ ഒരു ചിലന്തി അവളെ ഭക്ഷിക്കാൻ ശ്രമിക്കുക ആയിരിക്കും .

അതിന് ശേഷം നിധികാക്കുന്ന ഭൂതത്തിനെ പോലെ ആൺപുഴു ഉറക്കമൊഴിച്ച് അവിടെ തന്നെ കുറ്റിയടിച്ചു. അവളെ പഴയതു പോലെ തിരിച്ചു കൊണ്ടു വരണേ എന്ന് ഉറക്കെ പ്രാർത്ഥിച്ചു. ലൈബ്രറി മുഴുവൻ കാതിൽ കുത്തിക്കയറുന്ന ഒരു മൂളൽ ആയി അത് കേൾക്കപ്പെട്ടു. ചീവീടിന്റെ പോലെ അസഹ്യമായ ഒരു ശബ്ദം.


പ്രാർത്ഥനയുടെ ശക്തികൊണ്ടെന്നോണം അവളുടെ പൂപ്പൽ കൂട് പിളരുന്ന പോലെ തോന്നി.

അത് അന്ധമായ പ്രണയത്തിന്റെ ഒരു ഭ്രമം ആയിരിക്കുമോ .

അല്ല, കൂട്ടിന്റെ ഉള്ളിൽ നിന്നും കൂടുതൽ അനക്കങ്ങൾ കണ്ടു .

ഈശ്വരാ, തന്റെ പ്രിയപ്പെട്ടവൾക്ക് ജീവൻ തിരിച്ചു കിട്ടി .

പൂപ്പൽ കൂടു നീക്കി അവൾ പുറത്തു വന്നപ്പോൾ ഞെട്ടിക്കുന്ന ഒരു കാഴ്ച്ച ആയിരുന്നു. തവിട്ട് നിറത്തിലുള്ള കൂറ്റൻ ചിറകുകളും നീണ്ട കൊമ്പുകളുമുള്ള ഒരു ഭയാനകരൂപം.



പക്ഷേ എന്തായാലും അവളെ സ്നേഹിക്കാനും സ്വീകരിക്കാനും തീരുമാനിച്ച് കെട്ടിപ്പിടിക്കാനായി അവൻ മുന്നോട്ട് ചെന്നു. എന്നാൽ ഒരു കൊടുങ്കാറ്റിന്റെ ശബ്ദം ഉണ്ടാക്കി ചിറകുകൾ അടിച്ച് കുതറി മാറി. അവൾ പറന്നു പൊങ്ങി. ട്യൂബ് ലൈറ്റിനെ ലക്ഷ്യം വച്ചുള്ള പറത്തത്തിനിടെ താഴെ കരഞ്ഞു കൊണ്ടിരുന്ന ആൺപുഴുവിനെ തിരിച്ചറിയാതെ അതിശയത്തോടെ നോക്കി. അവൾ ട്യൂബ് ലൈറ്റിന് ചുറ്റും ആഹ്ലാദത്തോടെ പറന്നു കളിച്ചു. അപ്പോഴാണ് അവളൊരു നിശാശലഭം ആയത് അവനു മനസ്സിലായത്.

അവളുടെ ചിറകടി ശബ്ദം കേട്ട് പുറത്ത് നിന്ന് ഒരു ആൺശലഭം വന്ന് മൂന്ന് തവണ അവളുടെ ചുറ്റും കറങ്ങി നാലാമത്തെ തവണ അവളുടെ കൈയും പിടിച്ച് പുറത്തേക്ക് പറന്നു. പോകുമ്പോൾ കൗതുകം കൊണ്ട് അവളുടെ കണ്ണുകൾ വിടരുന്നത് ആൺപുഴു കണ്ടു .

ഇത് കണ്ട് ആൺപുഴു തട്ടിൽ നിന്ന് മനഃപൂർവം പിടിവിട്ട് താഴെ വീണു .

നേരെ ചെന്ന് വീണത് ലൈബ്രറി അസിസ്റ്റന്റ് ശിവകുമാറിന്റെ കാൽവിരലിനു മുകളിൽ.

പുഴുക്കൾ കുത്തിനശിപ്പിച്ച പുസ്തകങ്ങൾ തിരഞ്ഞുപിടിച്ച് ഒഴിവാക്കുക ആയിരുന്നു മൂപ്പർ. കാലിൽ പുഴു വീണ അറപ്പിൽ അയാൾ നിലവിളിച്ചു. ലൈബ്രേറിയൻ വിഷ്ണു സാർ വന്ന് ചോദിച്ചു ‘എന്താടോ’.

ചമ്മലോടെ ശിവകുമാർ ആൺപുഴുവിനെ ചൂണ്ടിക്കാട്ടി .

വിഷ്ണു സാർ മുട്ടു മടക്കി ഇരുന്നു പുഴുവിനെ പരിശോധിച്ചു .

‘ഒരു തരം ചീവിടു പോലത്തെ പ്രാണിയുടെ പുഴുവാ, വൃത്തി ആക്കിയില്ലെങ്കിൽ ഈ ലൈബ്രറി ഇവറ്റകള് നശിപ്പിച്ച് കളയും’.

ഇത് പറഞ്ഞ് ശിവകുമാർ കൂട്ടിയിട്ട കളയാനുള്ള പുസ്തകങ്ങളിൽ ഒന്നെടുത്ത് ഒരു പേജ് കീറി പുഴുവിനെ പിടിച്ച് ഞെരിച്ച് ജനൽ വഴി പുറത്തേക്കിട്ടു .

കമിതാക്കളായ പുഴുക്കൾ ഒഴിവാക്കിയ നിഘണ്ടുവിലെ സ്മാരക പേജ് ആയിരുന്നു അത്.

ആൺപുഴുവിനെ ഞെരിച്ചപ്പോൾ വന്ന ദ്രാവകം കൊണ്ട് മഞ്ഞളിച്ച അക്ഷരങ്ങൾ ഇങ്ങനെ വായിച്ചു:

**പുസ്തകപ്പുഴു :**

1) യഥാർത്ഥത്തിൽ ഇങ്ങനെ ഒരു ജീവി തന്നെ ഇല്ല. ചീവീട്, കൂറ, നിശാശലഭം, ചിതൽ തുടങ്ങിയ ജീവികളുടെ ലാർവകളെ ആണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത്.

2) ആർത്തിയോടെ അഥവാ അധികമായി പുസ്തകം വായിക്കുന്ന ആൾ.



ഡോ. സെബുന്നീസ എസ്.പി.

# ഒരു പൂവിന്റെ പരിണാമം

**ഈ** കഥയും കഥാപാത്രങ്ങളും സാങ്കൽപികമല്ല. കഥയുടെ പൂർണതക്കായി അനിവാര്യമായ പൊടിപ്പും തൊങ്ങലും ചേർത്തതൊഴിച്ചു നിർത്തിയാൽ പച്ചയായ ഒരു ജീവിതാനുഭവം. മറവിയുടെ മാറാല നീക്കിയപ്പോൾ ഇരുപത് വർഷങ്ങൾക്കുമുമ്പു നടന്ന രസകരമായ സംഭവങ്ങളുടെ തെളിമയുള്ള ഒരു ചിത്രം.

(ഭാഗം ഒന്ന്–മണ്ണ്)

2002 ഫെബ്രുവരി മാസത്തിലെ ആദ്യദിനങ്ങളിലൊന്നിലെ നട്ടുച്ച നേരം. ഇ.എൻ.ടി ക്ലിനിക്സിനുശേഷം ഞാനും വാണിയും പതിയെ ഹോസ്റ്റലിലേക്കു നടന്നു തുടങ്ങി. "Are yaar, theory class will start at sharp 2'O clock" ഇതും പറഞ്ഞ് ഞങ്ങളെക്കടന്നുകൊണ്ട് വൈദേഹി ഓടിപ്പോയി. നമ്മുടെ ഹോസ്റ്റലിലെ ഫുഡ് കഴിക്കാൻ തന്നെയല്ലേ ഈ ഓട്ടം എന്നു ഞാൻ ആത്മഗതം പറഞ്ഞു. വേണുഗോപാൽസാറിന്റെ ചോദ്യങ്ങൾക്കോ നട്ടുച്ചവെയിലിനോ അവളുടെ ചടുലതയ്ക്കും പ്രസരിപ്പിനും മങ്ങലേൽപ്പിക്കാനായില്ല. ഒപിയിൽ വച്ച് സാറിന്റെ ചോദ്യശരങ്ങൾക്ക് വ്യക്തതയുള്ള ഉത്തരങ്ങളുമായി തിളങ്ങിയ വൈദേഹി, ടെസ്സി, വിനോദ് സ്കറിയ, ശ്രീജിത്ത് നായർ എന്നിവരെക്കുറിച്ചോർത്തപ്പോൾ ഇന്നു മുതൽ പഠിച്ചു തുടങ്ങുമെന്ന് മനസിൽ ദൃഢനിശ്ചയം ചെയ്തു. അപ്പോഴേക്കും ഞങ്ങൾ LH1 ൽ എത്തി. പുതിയതായി പ്രത്യക്ഷപ്പെട്ട നോട്ടീസ് കണ്ട് അത് വായിക്കാൻ നിന്നു.

Hi Friends, Romance is in the air. We ,44th batch is organising the Valentine's day events this year. You can choose from the options below and drop the messages to whomever you wish.

Red rose - Love - Rs 10/

Yellow rose - Friendship -Rs 10/

White rose - Innocence, Purity - Rs 10/

Green chilly- Jealous - Rs 5/

Red chilly - Anger - Rs 5/-.

'വാണീ, ഇത്തവണ ആർക്കെങ്കിലും ഒരു റോസ് അയയ്ക്കണംട്ടോ.' തന്റെ സ്വതസിദ്ധമായ ശൈലിയിൽ ഒന്നൂറിചിരിച്ചുകൊണ്ട് മറുപടിയൊന്നും പറയാതെ വാണി റൂമിലേക്ക് പോയി.

മെസ്ഹാളിൽ എന്നെ കാത്തിരുന്ന ചങ്ക് ടീമിനോടും (ബിനില, ജിഷ, ജഷീന, നാദിയ) കാര്യം പറഞ്ഞു. "പൂവോ മുളകോ എന്തു വേണമെങ്കിലും അയക്കാം. പക്ഷേ കഴിഞ്ഞ പ്രാവശ്യം അനൂപ് സി ക്ക് പൂവയച്ചപോലെ ആവരുത്." തന്റെ കറുത്ത കണ്ണടയുടെ മുകളിലൂടെ ഉണ്ടക്കണ്ണുരുട്ടി അൽപം ഗൗരവത്തിൽ ബിനില പറഞ്ഞു. "ശരി. എന്നാൽ ആർക്കയയ്ക്കണം എന്നു പറ" ഞാൻ ചോദിച്ചു. ജയൻ, ദീപു, മുകുന്ദ്, മൻസൂർ, രാജു, അകിൽ, ബിനോജ് എന്നു വേണ്ട കമ്മിറ്റഡ് അല്ലെന്നു ഞങ്ങൾ കരുതിയ പലരുടേയും പേരുകൾ അവിടെ അലയടിച്ചു. "അല്ല മക്കളേ, പൂവൊക്കെ നമ്മക്ക് പിന്നേം അയക്കാം ക്ലാസ്സിൽ പോകണ്ടേ," നാദിയ വാത്സല്യത്തോടെ ഓർമിപ്പിച്ചു.

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം എന്ന പഴമൊഴിയെ അന്വർത്ഥമാക്കുംവിധം സഹകരണത്തിന്റെ പഞ്ചരത്നങ്ങളായിരുന്നു ഞങ്ങൾ. പക്ഷേ, ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനത്തിൽ എത്താൻ പറ്റാത്തത് വിചിത്രമായിത്തോന്നി.

അനാട്ടമി ലെക്ചർ ഹാൾ. പതിവുപോലെ

മുകുന്ദും സിയും വിനുവും ഒരു സീറ്റ് എനിക്ക് റിസർവ് ചെയ്തു വച്ചിരുന്നു. PROM നെ പറ്റിയുള്ള ഗൈനക്കോളജി ലെക്ചർ ക്ലാസ് തുടങ്ങി. "മുത്തേ, നിന്റെ ഫോൺ നമ്പറും അഡ്രസും തരണം ട്ടോ" മുകുന്ദ് പതുക്കെ പറഞ്ഞു. മനസ്സിൽ കുറേ ലഡ്ഡു പൊട്ടി. അവന്റെ നോട്ടുബുക്കിന്റെ അവസാനത്തെ പേജിൽ ഞാൻ അതെഴുതി കൊടുത്തു. ക്ലാസ് കഴിഞ്ഞപ്പോൾ മുകുന്ദ് പറഞ്ഞു. "അതേ, നിനക്ക് ഒരു കല്യാണാലോചന. അവർക്കാണിത്." അങ്ങനെ മുളപൊട്ടിയ കാല്പനിക ചിന്തകളെ അവിടെ തന്നെ കുഴിച്ചുമൂടി.

മനസ്സ് അസ്വസ്ഥമായി. ക്ലാസ് കഴിഞ്ഞ് ആരും നടക്കാത്ത വഴിയിലൂടെ ഒരു ഭ്രാന്തിയെപ്പോലെ ഞാൻ സഞ്ചരിച്ചു. പെട്ടെന്ന് മുന്നിൽ രജിത്ത്. 'സെബു, എന്താ ഒറ്റക്ക് സംസാരിക്കുന്നത്?' 'ഓ, ഞാനെന്തോ ആലോചിക്കാർന്നു.' ജാള്യത മറച്ചു വെച്ച ഞാൻ പറഞ്ഞു. 'ഈ ഒറ്റക്ക് സംസാരിക്കുന്ന അസുഖം എനിക്കുമുണ്ട്.' ഒരേ തൂവൽപക്ഷിയെ കണ്ടെത്തിയ ആഹ്ളാദത്തിൽ രജിത്ത് വാചാലനായി. ഹാവൂ, ആശ്വാസമായി. ഞാൻ LH1 ലേക്ക് പോയി.

ലസിതയുടെ വീട്ടിൽ നിന്ന് കൊണ്ടു വന്ന ബിരിയാണിയുടെ സുഗന്ധം അവിടെയാകെ നിറഞ്ഞു നിന്നു. സ്നേഹപൂർവ്വം നിർബന്ധിച്ചപ്പോൾ അത്യാവശ്യം നന്നായി കഴിച്ചു. വയർ നിറഞ്ഞപ്പോൾ ആധികൾ പറന്നുപോയി.

പെട്ടെന്ന് എനിക്ക് വോൾഗയെ കാണാൻ തോന്നി. കുറുമ്പുകൾക്കും കുസൃതികൾക്കും പറ്റിയ ആൾ അവൾതന്നെ. സമയം കളയാതെ ഞാൻ LH2 ലേക്ക് പോയി.

പുതിയതായി വിരിഞ്ഞ ആമ്പലിന്റെ ഭംഗി ആസ്വദിച്ചുകൊണ്ട് രേണുവും സജീനയും ജാസ്മിനും മുന്നിൽ നിൽപുണ്ടായിരുന്നു. പാതി തുറന്നിട്ട വാതിലിലൂടെ വോൾഗയുടെ ടേപ് റെക്കോർഡിൽ നിന്ന് പാട്ടൊഴുകിവന്നു. 'അറിയുന്നില്ലാത്മാനുരാഗം അറിയേണ്ടൊരാൾമാത്രം....'

"ശുഭ കു എവിടെ?" വാതിൽ തുറന്ന് ഞാൻ ചോദിച്ചു. "ഏഞ്ചലിന്റെ കൂടെ പള്ളീൽ പോയതാ."

ഇത്തരം സന്ദർഭങ്ങളിൽ ആർക്കെങ്കിലും ആധ്യാത്മിക ചിന്ത ഉണ്ടാവുന്നത് നല്ലതാണ്. നമുക്ക് പൂവയയ്ക്കണ്ടേ വോൾഗാ?"

"ആർക്കാ അയയ്ക്കുന്നേ?" കണ്ണുകളിൽ നിറഞ്ഞ തിളക്കത്തോടെയും കൗതുകത്തോടെയും അവൾ ചോദിച്ചു. "ദേവരാജ്, അനുരാജ്, അനീബ് രാജ്...ആരു വേണം. നീ പറ. വേണമെങ്കിൽ നിന്റെ പേരും വെയ്ക്കാം."

"നീ എന്റെ പൊക കണ്ടേ അടങ്ങൂ അല്ലേ? " വോൾഗ പരിഭവിച്ചു.

"Why should boys have all the fun? ഇത്തവണ നമുക്ക് ഗേൾസിന് പൂവയയ്ക്കാം." ആ ഐഡിയ വോൾഗയ്ക്കും ഇഷ്ടപ്പെട്ടു. പക്ഷേ ആർക്ക്. ഞാനോരോരോ പേരുകൾ മുന്നോട്ടു വെച്ചു. വോൾഗ ഓരോ കാരണം പറഞ്ഞ് അതു തള്ളും.

മഞ്ജു മേരി - അവൾ കരയും

ശുഭ - എന്നെ പിടിക്കും

സുജ മത്തായി-അതു റോയിച്ചൻ അയച്ചതാണെന്ന് കരുതും. നമ്മുടെ കാശ് പോകും

റിചിത്ര നെന്മണി-ഇനി തടസം പറയല്ലേ

" LH2 ലെ ആർക്കു പൂ കിട്ടിയാലും അവർ എന്നെ സംശയിക്കും. അതുറപ്പാ." വോൾഗ പറഞ്ഞു. " കൈയിലിരുപ്പിന്റെ ഗുണം. ഞാൻ LH1 ലെ ആർക്കെങ്കിലും അയച്ചോളാം." "അതാ നല്ലത്." വോൾഗ പ്രോത്സാഹിപ്പിച്ചു. അങ്ങനെ ഏറെ ചിന്തകൾക്കൊടുവിൽ എന്റെ റൂംമേറ്റ് ആയ നൈജിക്ക് പൂവയയ്ക്കാൻ തീരുമാനിച്ചുറപ്പിച്ചു.

അന്നു രാത്രി നൈജി കിടന്നതിനുശേഷം പത്തു രൂപയുമായി ഞാൻ പുറത്തിറങ്ങി

(ഭാഗം രണ്ട്-വിത്ത്)

എത്രയും വേഗം ആരുടെയും കണ്ണിൽപെടാതെ 44-ാം ബാച്ചുകാരുടെ മുറിയിലെത്തണം. ഞാൻ ചുറ്റും കണ്ണോടിച്ചു. രണ്ടു മൂന്നു വിഭാഗം ആളുകളാണ് രാവുകളെ നിദ്രാവിഹീനങ്ങളാക്കുന്നത്. പഠിപ്പികൾ, പ്രണയിനികൾ, പിന്നെ എന്നെപ്പോലെ എന്തെങ്കിലും കുത്തിത്തിരുപ്പി നിറങ്ങി തിരിച്ചവർ. അങ്ങനെ ഓരോന്നാലോചിച്ച് ഞാൻ നടന്നു തുടങ്ങി. എന്റെ ഊഹം തെറ്റിയില്ല. സുജ കെ.ജി. ഒരു മേശയ്ക്കരികിലിരുന്ന് ആഞ്ഞ് പഠിക്കുന്നുണ്ട്. "സെബു ഇപ്പോ ഒരു മൂളിപ്പാട്ട് പാടിയില്ലേ? അതേതാ? "Bole choodiyan bole kangana" KG യുടെ ജിജ്ഞാസ

യിൽ അൽപം അമ്പരന്നെങ്കിലും സന്തോഷ ത്തോടെ ഞാൻ പറഞ്ഞു. "കുറച്ച് ദിവസമായി സെബു ഈ പാട്ടുതന്നെയാണ് മൂളുന്നത്. ചിലപ്പോ ഇതൊക്കെ ഒരു സിൻഡ്രോം ആവാം Stuck song syndrome" അപ്രതീക്ഷിതമായി കിട്ടിയ സിൻഡ്രോം ലേബലിനു മുന്നിൽ പകച്ചു പോയെന്റെ യൗവനം. കണിശവും ചിട്ടയുമായ ജീവിതക്രമം പാലിക്കുന്നവരാണീ പഠിപ്പികൾ. ശാസ്ത്രീയമായ വീക്ഷണകോണിലൂടെ മാത്രമേ അവർക്കെന്തും കാണാൻ കഴിയൂ.

"Good night Zebu " അനിത ടിവിയുടെ മുറി യിൽ നിന്ന് വട്ടമേശ സമ്മേളനം കഴിഞ്ഞ് അഞ്ചു സുന്ദരിമാരും (ടി.വി, കെ.പി. ഷീബ, വിനീത, ഷാന്റി) പുറത്തിറങ്ങിയതാണ്. പഠിപ്പി കളെക്കുറിച്ചുള്ള അവലോകനം അവസാനി പ്പിച്ച് ശുഭരാത്രി നേർന്ന് ഞാൻ തിരിഞ്ഞു നട ന്നു. ഇനി അൽപം വളഞ്ഞ വഴി സ്വീകരിക്ക ണം. അഞ്ജലി പാണ്ഡേയുടെ മുറിയിൽ നിന്ന് അവ്യക്തമായ ഹിന്ദി കലപിലകൾ കേൾക്കുന്നുണ്ട്. കോണിപ്പടികളിറങ്ങി ഞാൻ താഴേക്ക് പോയി. അവിടെ രണ്ടുപേർ നിൽക്കു ന്നുണ്ടായിരുന്നു. "ഹോ, രഞ്ജീ, ബിനീ ഈ മുടിയഴിച്ചിട്ടാലുണ്ടല്ലോ രണ്ടും അടിപൊളിയാ ട്ടോ." വർഷങ്ങൾക്കിപ്പുറം അതൊരു ഹിറ്റ് ഡയ ലോഗാവുമെന്ന് ഞാൻ വിചാരിച്ചില്ല.

അങ്ങനെ കടമ്പകൾ കടന്ന് ഞാൻ അവ രുടെ മുറിയിലെത്തി.

"എനിക്ക് ഒരു റെഡ് റോസ് അയയ്ക്കണം. നിങ്ങൾ ഹോസ്റ്റൽ റൂമിൽ എത്തിച്ചുകൊടു ക്കുമോ?" "ഞങ്ങൾ ക്ലിനിക്കൽ പോസ്റ്റിങ് ഉള്ള സ്ഥലത്ത് എത്തിച്ചുകൊടുക്കും." സുന്ദരിക്കുട്ടി പറഞ്ഞു. "ക്ലിനിക്കൽ പോസ്റ്റിങ്ങിൽ ഒരാൾക്ക് പൂ കിട്ടിയാൽ നല്ല രസമായിരിക്കും. അങ്ങനെ യാണെങ്കിൽ ഞാൻ മനസ്സിലിട്ട് ഒന്നു കൂടി കുലുക്കി നോക്കട്ടെട്ടോ. നാളെ പറയാം." തിരിച്ചു വരുന്ന വഴി ഒന്നു കൂടി ആ നോട്ടീസ് വായിച്ചു നോക്കി. അതു നോക്കി നിൽക്കവേ എന്റെ മനസ്സ് പരമ്പരാഗത സങ്കൽപങ്ങളോട് കലഹിച്ചു. ചുവപ്പിനെന്ന പോലെ നീലയ്ക്കോ അല്ലെങ്കിൽ മറ്റേതൊരു വർണത്തിനോ പ്രണ യത്തെ പ്രതിനിധാനം ചെയ്തുകൂടെ? ഇനി പ്രണയത്തിൽ നിന്ന് വ്യത്യസ്തമായ ആഴമുള്ള ഒരു ആത്മബന്ധത്തിന് ചുവപ്പോ, മഞ്ഞയോ, വെള്ളയോ എന്ന നിറത്തിന് എന്ത് പ്രസക്തിയാ ണുള്ളത്? അങ്ങനെ ഓരോന്ന് ചിന്തിച്ച് ഞാൻ ഉറങ്ങാൻ പോയി. പ്രഭാതം പൊട്ടി വിരിഞ്ഞു വരുമ്പോഴേക്കും മനസ്സിൽ ഒരു സന്ദേശം ഉരു ത്തിരിഞ്ഞു വന്നു.

നിറഭേദങ്ങൾക്ക് അർത്ഥവ്യതിയാനങ്ങൾ കണ്ടെത്തിയവരോടെന്തു പറയാൻ. മനോവിചാ രമുകുളങ്ങളെ പ്രകടിപ്പിക്കാൻ എന്തെന്തു വർണ്ണങ്ങൾക്കാണാവുക!! ഇനി പറ്റിയ ഒരാളെ കണ്ടെത്തണം. ക്ലിനിക്കൽ പോസ്റ്റിങ്ങിൽ കൂടെ യുണ്ടായിരുന്നവരുടെ ഒരു ഷോർട്ട് ലിസ്റ്റ് തയ്യാ റാക്കി.

സുജിത്ത് സി, വിപിൻദാസ്, സൂരജ് ആർ. കെ., ശ്രീജിത്ത് എം.കെ, വിനീത് ഗ്ലാഡ്സൻ, റ്റിൽസ് പി. മാത്യു വെട്ടിയും തിരുത്തിയും ഒടു വിൽ ടൈ ബ്രേക്കറിൽ എത്തി. വിപിൻദാസ് /വിനീത് രണ്ടുപേരും ഒരുപോലെ പ്രിയപ്പെട്ട വർ. ഒരു തിരഞ്ഞെടുപ്പ് ബുദ്ധിമുട്ടാവുന്ന സന്ദർഭങ്ങളിൽ കുട്ടിക്കാലത്തെപ്പോലെ In pin Safety Pin ചെയ്തു നോക്കി. Das in, Vineeth Out ദാസ് പോസ്റ്റിങ്ങിന് വരുമോ എന്ന് ഒരു ഉറപ്പുമി ല്ല. വിനീത് അൽപം വൈകിയാലും വരും. അങ്ങനെ ഒരു അന്തിമ തീരുമാനത്തിൽ എത്തി. (Moral : Better late than never) "എനിക്ക് നിങ്ങ ളുടെ ഓപ്ഷനിൽ ഇല്ലാത്ത ഒരു പൂവും വേറെ ഏതെങ്കിലും ഒരു കളറും വേണം. ENT പോസ്റ്റി ങ്ങിലുള്ള വിനീത് ഗ്ലാഡ്സനാണ് എത്തിക്കേ ണ്ടത്." "കുറച്ച് റിസ്ക് ആണ്, എന്നാലും ഞങ്ങ ളേറ്റു." സുന്ദരിക്കുട്ടികൾ ആവേശത്തോടെ പറ ഞ്ഞു. "പിന്നെ, ഞാനാണ് ഇതിന്റെ പിന്നിലെന്ന് നിങ്ങൾ ആരോടും പറയരുത്"

പിന്നെ പ്രതീക്ഷയോടെ ആ ദിവസത്തി നായി കാത്തിരുന്നു.

(ഫെബ്രുവരി 14)

ഉത്സാഹത്തോടെ രാവിലെതന്നെ ENT ക്ലിനിക്കിലേക്ക്. വിചാരിച്ചപോലെ തന്നെ അൽപം വൈകിയാണെങ്കിലും വിനീത് വന്നു. പക്ഷേ പൂ മാത്രം വന്നില്ല. അന്നത്തെ ക്ലിനി ക്കൽ പോസ്റ്റിങ് കഴിഞ്ഞു. അപ്പോഴാണ് ഉച്ചക്ക് തിയറി ക്ലാസ് ഇല്ലെന്ന വാർത്തയുമായി സിജിത്ത് വരുന്നത്. തിയറി ക്ലാസ് ക്യാൻസൽ ചെയ്തവരോട് ആദ്യമായി എനിക്ക് ദേഷ്യം തോന്നി. വീട്ടിലേക്ക് പോകുന്ന വിനീതിനെ ദുഃഖത്തോടെ ഞാൻ നോക്കി.

അങ്ങനെ ഞാനും വിദ്യ രാംദാസും ശ്രീജിത്ത് ഇ.എസും ശിവപ്രസാദും തിരിച്ച് ഹോസ്റ്റലുകളിലേക്ക് നടന്നു. കോളേജ് എത്തിയപ്പോൾ വിനീത് ഗ്ലാഡ്സൺ ആരാണെന്ന് ചേദിച്ച് ഇഎസ്സ്ന്റേയും ശിവന്റേയും അടുത്തേക്ക് പൂവും പിടിച്ച് ഒരു സുന്ദരിക്കുട്ടി വന്നു. "അവനൊക്കെ എപ്പഴേ വീട്ടിൽ പോയി." ഇ.എസ്. പറഞ്ഞു. അപ്പോഴാണ് ആ പൂവ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഓറഞ്ചും വെള്ളയും ഇടകലർന്ന ഗ്ലാഡിയോലസ് വിഭാഗത്തിൽപെട്ട പൂവ്. ഞാനും വിദ്യയും അതിന്റെ ഭംഗിയാസ്വദിച്ചു നിൽക്കുമ്പോൾ കുട്ടി ഇഎസ്സ്നോട് ചോദിച്ചു. "ചേട്ടാ, ഈ പൂവ് ഹോസ്റ്റലിൽ കൊണ്ടു പോകാമോ?" ഇഎസും ശിവനും വിസമ്മതിച്ചു. "ഈ പൂവും പിടിച്ച് പോയാൽ അവൻമാരൊക്കെ ഞങ്ങളെ വാട്ടും. " ശിവൻ പറഞ്ഞു. "എന്നാലും വിനീത് ഗ്ലാഡ്സണും പൂവോ. കാലം പോയ ഒരു പോക്കേ," ഇഎസും ദഹിക്കാത്ത മട്ടിൽ പറഞ്ഞു. "നിനക്ക് ആരെങ്കിലും പച്ചമുളക് അയയ്ക്കും ട്ടോ. " വിദ്യ ഇഎസ്സ്നോട് തമാശയായി പറഞ്ഞു. "നീ സെബുവിന്റെ കൂടെ അധികം നടക്കണ്ട. ചൊറി ഒരു കമ്മ്യൂണിക്കബിൾ ഡിസീസ് ആണ്." കഴിഞ്ഞ പ്രാവശ്യത്തേക്കാൾ പരിതാപകരമായല്ലോ ഇത്തവണ എന്ന് ചിന്തിച്ച് വിദ്യയുടെ കൈപിടിച്ച് ഞാൻ LHലേക്ക് പോയി.

പിന്നീട് ആ പൂവിന് എന്തു സംഭവിച്ചു?

(ഭാഗം 3-തളിര്)

മെസ്ഹാൾ ശബ്ദമുഖരിതമായിരുന്നു. കളിയാക്കലുകൾ, പൊട്ടിച്ചിരികൾ, പരിഭവങ്ങൾ എന്തോ,

ആൾക്കൂട്ടത്തിൽ തനിച്ചായതുപോലെയാണ് എനിക്കുതോന്നിയത്...എത്രയോ ആഹ്ലാദകരമാവേണ്ടിയിരുന്ന ദിവസമാണ് ഇങ്ങനെ വിരസമായിത്തീർന്നിരിക്കുന്നത്. നിശബ്ദതയിലിരിക്കാൻ ലൈബ്രറി പോലെ നല്ല ഒരിടമില്ല. പിന്നെ നേരെ ലൈബ്രറിയിലേക്ക്.

"ഹായ് ഹിതാ"പോർട്ടിക്കോയിലൂടെ നടന്നു പോകുന്നവളെ ഞാൻ നീട്ടി വിളിച്ചു. ലാലുവിനെ പരതിയ കണ്ണുകൾ എന്നെ കണ്ടില്ല. എന്നെ ശ്രവിച്ചില്ല. ലൈബ്രറിയിൽ വിരലിൽ എണ്ണാവുന്നവർ മാത്രം. പരിചിതമുഖരായ രണ്ടുപേരെ കണ്ടപ്പോൾ പുസ്തകമെടുത്ത് അവരുടെ മുന്നിൽ പോയിരുന്നു. "റോഷി എവിടെപ്പോയി?" ഞാൻ ചോദിച്ചു. "ഇന്ന് നേരത്തേ വീട്ടിൽ പോയി." ഒരു ചെറുപുഞ്ചിരിയോടെ റിസ പറഞ്ഞു. പ്രദോഷിന്റെ കൺമുനകളിലെ കോപസിന്ദൂരത്തിന്റെ അർത്ഥം എത്ര ആലോചിച്ചിട്ടും എനിക്ക് പിടികിട്ടിയില്ല. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഡാലിയ വന്നു. "എടാ നീ വീട്ടിലേക്കു വരുന്നോ?" ഒരു ചെയ്ഞ്ച് ആരാണ് ആഗ്രഹിക്കാത്തത്. ഞാൻ, ശ്രുതി, ഡോട്ട്, വാണി, ലസി അങ്ങനെ ഒരു വണ്ടിയിൽ കൊള്ളാവുന്നത്രേം പേർ അങ്ങോട്ട് പോയി. പിന്നെ എസ്.എം. സ്ട്രീറ്റ് കറക്കം. ഷോപ്പിംഗ്, ലസിക്ക് പ്രിയപ്പെട്ട ചൈനീസ് റെസ്റ്റോറന്റിൽ നിന്ന് Scheswan Noodles, American Chopsey ഒക്കെ കഴിച്ച് ഹോസ്റ്റലിൽ വന്ന് ഉറങ്ങി. പിറ്റേന്നു മുതൽ എല്ലാവരും പഠനത്തിന്റെ പതിവുക്രമങ്ങളിലേക്ക്. എല്ലാവരും തകൃതിയായി END പോസ്റ്റിനുള്ള പ്രിപ്പറേഷൻ തുടങ്ങി കഴിഞ്ഞു.

(ഫെബ്രുവരി 19)

വിനീതും ഷിജിനും എന്തോ ഗൂഢാലോചനയാണ്. "സെബു, എനിക്കൊരു പൂ കിട്ടിയത് നീ അറിഞ്ഞില്ലേ?" ഭൂമി പിളരുന്നതുപോലെ എനിക്കു തോന്നി. "ഞാൻ കണ്ടിരുന്നു. നല്ല ഭംഗിയുണ്ടായിരുന്നു." "എനിക്ക് അത് കാണാനുള്ള ഭാഗ്യമുണ്ടായില്ല. എന്നെ അന്വേഷിച്ച് കാണാത്തത്കൊണ്ട് അവരത് നികിലിന്റെ റൂമിൽ കൊണ്ടുവെച്ചു." "സുദർശന്റെയോ സൂരജിന്റെയോ?" "അല്ല. എന്റെ ബ്രദറിന്റെ. രണ്ടു മൂന്നു ദിവസം പനിയായിരുന്നു. മൺഡേ രാവിലെ പോയി നോക്കുമ്പോൾ വാടിക്കരിഞ്ഞ് കൊഴിഞ്ഞിരിക്കുന്നു."

"ഒരു പൂവിലെന്തിരിക്കുന്നു. നീ End Posting ന് പഠിക്കാൻ നോക്ക്. " ഞാൻ ഉപദേശിക്കാൻ ശ്രമിച്ചു. "നിനക്കതു പറയാം. എനിക്ക് ആദ്യമായി കിട്ടിയ പൂവാ. നീ ഒരുപകാരം ചെയ്യണം. ഈ പൂവയച്ച ആളെ ഒന്നു കണ്ടു പിടിച്ചു തരണം." കള്ളന്റെ കയ്യിൽ താക്കോലേൽപ്പിക്കുക എന്ന് കേട്ടിട്ടേ ഉള്ളൂ. ഇപ്പഴാ കണ്ടത്.

"എടാ, നീ പേടിക്കണ്ട. ഇതു ചെയ്ത ആളെ നമ്മള് പൂട്ടും." ഷിജിൻ ധൈര്യം പകർന്നു. ഇതല്ല, ഇതിലപ്പുറം ചാടിക്കടന്നവനാണീ പാലാടൻ എന്ന ഭാവമായിരുന്നു, ഷിജിന്. "സെബു LH

കേന്ദ്രീകരിച്ച് അന്വേഷിക്കട്ടെ. നമ്മുടെ സിഐഡികൾ അവരുടെ വഴിക്കും." ഷിജിൻ തന്റെ പ്ലാൻ വിശദീകരിച്ചു. 'നിനക്കാരെയെങ്കിലും സംശയമുണ്ടോ?' ഞാൻ വിനീതിനോട് ചോദിച്ചു. ആദ്യം ഒന്നു ശങ്കിച്ചെങ്കിലും പിന്നീട് അവൻ മനസ്സു തുറന്നു.

"എനിക്ക് ജൂനിയർ ബാച്ചിലെ ഒരു കുട്ടി ഹിസ്റ്റോളജി റെക്കോർഡ് എഴുതിതന്നിരുന്നു. അതിന്റെ ട്രീറ്റ് ആയിട്ട് ഞാൻ ഒരു ബിരിയാണി വാങ്ങിക്കൊടുത്തു. ആ കുട്ടിയെ എനിക്ക് സംശയമുണ്ട്.'

'അതേത് കുട്ടി?' ...(പേര് സാങ്കേതിക കാരണങ്ങളാൽ പറയുന്നില്ല) ഞാനൊന്ന് ഞെട്ടി. "അതൊരു പാവം കുട്ടിയല്ലേ. ഞാൻ എത്ര പേർക്ക് റെക്കോർഡ് എഴുതി കൊടുത്തിരിക്കുന്നു. എത്ര ബിരിയാണി വാങ്ങിത്തിന്നു. അവർക്കൊക്കെ ഞാൻ പൂവയയ്ക്കുമോ?" അവനെ പിന്തിരിപ്പിക്കാൻ ഞാൻ ശ്രമിച്ചു.

'അയ്യോ, സെബു അങ്ങനെ പറയല്ലേ, ഇനി എന്റെ ഏക പ്രതീക്ഷ അതാണ്.' ആ പൂവിന്റെ അജ്ഞാതമായ ഉറവിടത്തെ പറ്റിയുള്ള പ്രതീക്ഷയുടെ ചിന്ത അവനിൽ ഒരു ഗൂഢസ്മിതമുണർത്തി. കയ്പുരസമുള്ള സത്യം പറയണോ അതോ ഈ പുതിയ സംഭവവികാസങ്ങളുടെ മാധുര്യം നുകരണോ എന്ന ഒരു പ്രതിസന്ധിയിലായി ഞാൻ.

(ഭാഗം നാല്-പൂവും കായും)

ഫെബ്രുവരി 21

അന്നും പതിവുപോലെ വൈകുന്നേരം ഞാനും വാണിയും അമ്പലത്തിൽ പോയി തിരിച്ചു വരികയായിരുന്നു. ഇത്തവണ ഡോട്ടും കൂടെയുണ്ടായിരുന്നു. പോർട്ടിക്കോയിൽ നിൽക്കുന്ന അബു മദനെ ദൂരെ നിന്നേ ഞങ്ങൾ കണ്ടു. വാണി Wall Magazine വായിക്കാൻ പോയി. "എന്തുവാടേ ഇത്, പഠിത്തമൊന്നുമില്ലേ? കറങ്ങിനടക്കുവാണോ?" അബു കുശലം ചോദിച്ചു. "ഞങ്ങൾ അമ്പലത്തിൽ പോയതാ. നീയോ?" ഡോട്ട് ചോദിച്ചു. "ഞങ്ങൾ ഒരു കേസിന്റെ തുമ്പന്വേഷിച്ചിറങ്ങിയതാ?"

അപ്പോഴാണ് പോർട്ടിക്കോയുടെ മൂലയ്ക്കിരുന്ന് കാര്യമായ ചർച്ചയിലേർപ്പെട്ടിരിക്കുന്ന ആഷിഖിനെയും സുഹൈലിനെയും ഞങ്ങൾ കണ്ടത്.

സന്ധ്യാസമയത്തുപോലും പോർട്ടിക്കോയിലിരുന്ന് എല്ലാം മറന്ന് ക്ലിനിക്കൽ കേസ് ഡിസ്കഷനിൽ ലയിച്ചിരിക്കുന്നവരെ അൽപം ആരാധനയോടെയും കുശുമ്പോടെയും ഞാൻ വീക്ഷിച്ചു. "ആഹാ, ഇതാര് സിഐഡികളോ? ഇവനേം സിഐഡിയിൽ എടുത്തോ?" എന്നു ഡോട്ട്. ഒരു സിഐഡിക്ക് വേണ്ട ലുക്കും ബുദ്ധിയും തനിക്കുണ്ടെന്ന് അബു. അങ്ങനെ അവർ ഒരു ചൊറിച്ചിൽ യുദ്ധത്തിലേർപ്പെട്ടു. ഇനി ഷിജിൻ പറഞ്ഞ സിഐഡികൾ ഇവരായിരിക്കുമോ എന്ന ചിന്ത ഒരു കൊള്ളിയാൻ പോലെ എന്റെ മനസ്സിലൂടെ കടന്നുപോയി. പെട്ടെന്നാണ് അതു സംഭവിച്ചത്. അന്നുവരെ എന്നോട് 'കമ'ന്നൊരു അക്ഷരം മിണ്ടാത്ത ആഷിഖ് എന്റെ അടുത്തേക്ക് വന്നു. "സീബുന്നിസ, ഇന്ന് ചന്ദനക്കുറിയൊക്കെ തൊട്ട് സുന്ദരിയായിട്ടുണ്ടല്ലോ." ഞെട്ടൽ കടിച്ചമർത്തി ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു. "ഡാ, ഡാ, അതൊക്കെ ഞങ്ങൾ കാക്കമാര് ചത്തിട്ട്" സുഹൈൽ ചാടിവീണു. "ഒരു സിഐഡിയുടെ Way of interrogation മറ്റേ സിഐഡിക്ക് പിടിക്കൂല. അതാണ്." അബു രംഗം തണുപ്പിക്കാൻ പറഞ്ഞു. ഭാഗ്യത്തിന് വാണി മാഗസിൻ വായിച്ച് തിരിച്ചെത്തിയത്കൊണ്ട് ഞങ്ങൾ LH ലേക്ക് തിരിച്ചുപോയി. "ഇവരുടെ പെരുമാറ്റത്തിൽ എന്തെങ്കിലും കുഴപ്പംതോന്നിയോ ഡോട്ടേ?" "ആഷിഖിന്റെയാണോ? അവനിങ്ങനെ തന്നാണപ്പാ. അപ്രതീക്ഷിത പ്രസ്താവനകളുടെ ഉസ്താദാണ്. നീ കേട്ടിട്ടില്ലേ?"

ഭിത്തിയിലെ ഘടികാരത്തിൽ 9മണി മുഴങ്ങിയതും വാതിലിൽ ഒരു മുട്ടുകേട്ടതും ഒരുമിച്ചായിരുന്നു. 44-ാം ബാച്ചിലെ ഒരു സംഘം പെൺകുട്ടികൾ. "ചേച്ചീ, നിങ്ങടെ ബാച്ചിലെ കുറെ ബോയ്സ് ഞങ്ങളെ ശല്യപ്പെടുത്തുവാ. വിനീത് ഗ്ലാഡ്സണ് പൂവയച്ചതാരാണെന്ന് ചോദിച്ച്." 'ആഷിഖും അബുവും സുഹൈലുമാണോ?' 'അല്ല' 'പിന്നെയാരാ?' "മിഷാൽ ജോണി ചേട്ടനൊണ്ട്, ഫൈസൽക്കയൊണ്ട്, ഷിറാസ്ക്കയൊണ്ട്, പിന്നേ കുറേപ്പേരൊണ്ട്." ഒന്നു രണ്ടു ദിവസത്തിനുള്ളിൽ ഞാൻ തന്നെ എല്ലാം സെറ്റിൽ ചെയ്യാമെന്ന ഉറപ്പ് കൊടുത്ത് അവരെ പറഞ്ഞുവിട്ടു. ഒരു പൂവിൽ നിന്ന് ഒരു പൂക്കാലം വരുന്നതിന്റെ ലക്ഷണങ്ങൾ ഞാൻ



കണ്ടു.

ഹൃദയത്തിൽ പ്രണയദംശമേറ്റ് ഭ്രാന്തചിത്തനായ വിനീത് രാജാവും ഒരു പറ്റം സിഐഡി യോദ്ധാക്കളും എന്റെ ഉറക്കം കെടുത്തി. ഇതൊന്നുമറിയാതെ കൂർക്കം വലിച്ച് സുഖനിദ്രയിലാണ്ടിരിക്കുന്ന നൈജിയെ നോക്കി ഞാൻ നെടുവീർപ്പിട്ടു. പിറ്റേന്ന് സകല ധൈര്യവും സംഭരിച്ച് ആ അപ്രിയസത്യത്തെ ഞാൻ പുറത്തുവിട്ടു. അവന്റെ പ്രതികരണം എന്നെ അമ്പരിപ്പിച്ചു. 'ഓ, നീയായിരുന്നോ. എന്നാലും സെബു, നീ എന്റെ സ്വപ്നങ്ങളുടെ ചില്ലുകൊട്ടാരമാണ് തകർത്തത്. ആ പോട്ടെ. സാരമില്ല. ഹോസ്റ്റലിലൊക്കെ എനിക്കൊരു ഹീറോ ആവാൻ പറ്റി. താങ്ക്സ്'

"Dosthom ke beech mein no sorry, no thanks"കഥ അറിഞ്ഞോ അറിയാതെയോ വിമോഹൻ പറഞ്ഞു. "ഈ കഥയൊന്നും നീ ആരോടും പറയില്ലല്ലോ ല്ലേ." വിനീത് സംശയം പ്രകടിപ്പിച്ചു. കുറച്ചു ദിവസമാണെങ്കിലും അവനെ പ്രയാസപ്പെടുത്തിയല്ലോ എന്ന ചിന്ത കാരണം എനിക്ക് അലിവ് തോന്നി. "ഇല്ല, ഞാൻ പറയില്ല." അടുത്ത നിമിഷം ഞാൻ വെറുതേ ചോദിച്ചു. 'ആരോടും പറയാൻ പാടില്ലേ?'.. "തത്കാലം ആരോടും പറയണ്ട. പിന്നെ, സമയവും സന്ദർഭവും ഒത്തുവന്നാൽ നമ്മുടെ ബാച്ചുകാർ മാത്രമുള്ള ഒരു സ്വകാര്യ പ്ലാറ്റ്ഫോമിൽ ഒരു തമാശക്കഥപോലെ നീ പറഞ്ഞോ. കഥകൾ കേൾക്കാൻ ഇഷ്ടമുള്ള 42-ാം ബാച്ചുകാർക്ക് വേണ്ടി " അങ്ങനെ പ്രതീക്ഷിച്ചത് പൊട്ടിത്തെറിയാണെങ്കിലും സംഭവം ഒരു പൊട്ടിച്ചിരിയിൽ അവസാനിച്ചു.

പിന്നെ End posting പരീക്ഷകൾ, തിയറി ക്ലാസ്സുകൾ, ക്ലാസ് പ്രസന്റേഷനുകൾ, വൈവകൾ, ഫൈനൽ ഇയറിൽ ഇതിന്റെയൊക്കെ ആവർത്തനം, ഹൗസ് സർജൻസി, എത്രയോ വേഗത്തിലും തിരക്കിലും കടന്നുപോയ നാളുകൾ. സാഹചര്യങ്ങളുടെയും മുൻഗണനാക്രമങ്ങളുടെയും വ്യത്യാസം ഒഴിച്ചു നിർത്തിയാൽ എല്ലാവരും തന്നെ ജീവിതത്തിന്റെ അനിവാര്യമായ തിരക്കുകളിലേക്ക് വീണു.ജീവിതത്തിലെ ഏണിയും പാമ്പും കളിക്കിടയിൽ ആരെന്നും എന്തെന്നും അറിയാതെ വർഷങ്ങൾ പലതും ഓടിമറഞ്ഞു. അങ്ങനെയിരിക്കെയാണ് ലോകത്തെയാകെ വിറപ്പിച്ച ഇത്തിരിക്കുഞ്ഞൻ കൊറോണയുടെ വരവ്. മന്ദഗതിയിലായ ജീവിതത്തിന് മഴവിൽച്ഛായം പൂശാൻ ഒരു ഫാമിലി ഫോട്ടോ കൺടസ്റ്റ് നടത്താൻ മൻസൂർ ആഹ്വാനം ചെയ്തു. ഓരോ കൂട്ടുകാരുടെയും ചിത്രങ്ങൾ ആവേശത്തോടെയും കൗതുകത്തോടെയും നോക്കുകയായിരുന്നു. അക്കൂട്ടത്തിൽ നമ്മുടെ കഥാനായകന്റെ ഹൃദയത്തിലെ സംശയവിത്തു തളിർത്തു പൂവും കായുമായിരിക്കുന്ന മനോഹരചിത്രവും ഉണ്ടായിരുന്നു. പറന്നുപോയ ഓർമ്മപ്പക്ഷി വീണ്ടും മസ്തിഷ്കച്ചില്ലയിൽ കൂടുകൂട്ടാൻ തുടങ്ങി.

ശുഭം

# വിധിയുടെ നരബലി മൃഗങ്ങൾ



ഡോ. ആഷിക്ക് ശശിധരൻ

**ക്ഷി**പ്രകോപി ആകുന്നത് ഒരു തെറ്റല്ല.. പക്ഷെ ക്ഷിപ്ര കോപി നല്ല ആരോഗ്യമുള്ള ഒരു കട്ട ആവുന്നതാണ് പ്രശ്നം .. ആ ഒരു Deadly combo ആണ് രതീഷ്..

ഒരു കഥ സൊല്ലട്ടുമാ ..1st year, common hall സമയം ..

ഒരു ദിവസം ഞാൻ, അനൂപ്, അനുരാജ്, ജിജു, ദേവരാജ് ഒക്കെ കൂടെ കത്തിയടിച്ചിരിക്കുമ്പോ രതീഷ് അവിടേയ്ക്ക് വരുന്നു.. യാതൊരു പ്രകോപനവും ഇല്ലാതെ, ഒരു കാര്യവുമില്ലാതെ ജിജു രതീഷിനെ അങ്ങോട്ട് കേറി ചൊറിയുന്നു.. "ഈശ്വരാ.. ഇതീ ചെക്കന് നല്ലതിനല്ലല്ലോ'' എന്നെന്റെ മനസ്സ് പറഞ്ഞു.. പറഞ്ഞപോലെ തന്നെ സംഭവിച്ചു ..

പിന്നെ അവിടെ നടന്നത് കഴിഞ്ഞാഴ്ചത്തെ നരബലിയുടെ ഒരു teaser ആയിരുന്നു... കഷ്ടിച്ച് ഒരാളുടെ കൈമാത്രം കടന്ന് പോകുന്നത്ര മാത്രം വീതിയുള്ള, ഇരുമ്പ് കട്ടിലിന്റെ അറ്റത്തുള്ള, രണ്ട് കമ്പികൾക്കിടയിലൂടെ ജിജുവിന്റെ തല രതീഷ് കുത്തിക്കയറ്റുകയാണ് സുഹൃത്തുക്കളേ കുത്തിക്കയറ്റുകയാണ്.. ഞാൻ നോക്കുമ്പോ ജിജുവിന്റെ തല കമ്പിയുടെ ലപ്പുറത്തും ലുടൽ ലിപ്പുറത്തും 'മുറിവേറ്റ സിംഹത്തിന്റെ ഗർജനം' ഒരു കോഴി കുഞ്ഞിന്റേതിനേക്കാൾ ദൈന്യമാവുമെന്ന് ഞാൻ അറിഞ്ഞ നിമിഷങ്ങൾ.. എന്നാലും ജിജു എന്റെ ആത്മാർഥ സ്നേഹിതൻ അല്ലെ .. അവനെ ഇങ്ങനെ കൊല്ലാക്കൊല ചെയ്യുന്നത് എനിക്ക് കണ്ടിരിക്കാൻ പറ്റുമോ? ഇല്ല.. അതോണ്ട് ഞാൻ കണ്ണടച്ചിരുന്നു..

പക്ഷെ ഇത് കഴിഞ്ഞുള്ള ജിജുവിന്റെ വാക്കുകൾ ആണ് എന്നെ ആകെ ഉലച്ചു കളഞ്ഞത്.. രതീഷ് പോയി എന്നുറപ്പു വരുത്തിയ ശേഷം ജിജു അവന്റെ തല സധൈര്യം കമ്പികൾക്കിടയിൽ നിന്നും ഊരിയെടുത്തിട്ട് ഞങ്ങളെ നോക്കി പറഞ്ഞു 'എടാ നാറികളെ .. അവൻ എന്നെ ഇത്രേം ചെയ്തതിനേക്കാൾ എന്നെ വെഷമിപ്പിച്ചത്, കൺമുന്നിൽ ഇത്രയൊക്കെ നടന്നിട്ടും, ഒന്നും സംഭവിക്കാത്തപോലെ ഉള്ള ആഷിക്കിന്റെയും അനൂബിന്റെയും നിസ്സംഗമായ ഇരിപ്പാണ്.. Devaraje.. എടാ നിനക്കെങ്കിലും ഒന്ന് പ്രതികരിച്ചൂടായിരുന്നോ ..?

Devaraj: 'കഴിഞ്ഞാഴ്ച രതീഷിനോട് ഒന്ന് പ്രതികരിച്ചതിന്റെ പാട് എന്റെ മുതുകത്തൂന്ന് പോയിട്ടില്ലാന്നാ ഇന്നലെ അനുരാജ് നോക്കിയിട്ട് പറഞ്ഞത്. എല്ലാം ആഴ്ചയും അവനോട് പ്രതികരിക്കാൻ എനിക്ക് വട്ടൊന്നുമില്ല..'

അനൂപ് അന്നും ഒരു പഠിപ്പിസ്റ്റ് ആയിരുന്നു.. അവൻ Chaurasia എടുത്ത് വച്ച് നോക്കാൻ തുടങ്ങി..

**"Till what age is a human skull malleable..?'**



# The Summit....



Dr. Nabil Sherif Mahmood

The year was 2000. A group of young and enthusiastic medical students, most of who had just turned 20 that year were gathered around a patient in a busy medical ward. It was a 43 year old male who was admitted the previous night with an acute myocardial infarction. He was sat upright comfortably in his bed. His relatives who were beside him , appeared quite concerned by the herd of white-coaters gathered around him. You could almost hear them say (Kurachonnu maari nikku kuttigale. Angerke kurach Vaayu kittikotte).

The gathering was however very brief. From an academical point of view he was of no interest to a bunch of young budding medicos who were scavenging a post admission medical ward, clinging onto their stethoscopes with their senses widely opened, eager to hear that pansystolic mur mur, or perhaps feel that splenic tip, or maybe get a smell of that fetor hepaticus or see that pulsating pupil. Whilst we swiftly walked to the next bed, my friend asked me " Can you get a heart attack when you are forty ? ". I told him " Of course. Why not ? Its not like he is in his 20s or 30s. 40 is still old -"

Years have passed on . The clock has indeed ticked fast. Pan systolic murmurs and the splenic tip don't mean anything to me now. As I stare into the CT scan of a 43 year old male with metastatic colorectal cancer, I think to myself " Gosh ! He's so young ! "

Over the years, the generation of people who used to address us as " son " and " young man " have ventured off to a different world. Now a days " bald", " pot-bellied, "white bearded " or "grey haired " are more befitting adjectives.

But that is just the circle of life and it will keep revolving whether we like it or not. I like to think age is just a number and that I may survive till I am 80. But even within that optimism, I cannot escape the fact that I have already lived at least half of my life and now the end is getting closer each day ! But rather than worry about what lies at the end of this journey, it's perhaps better to pause and look behind at the trail we've left behind. There is no better place to do that than at the half way mark....right here at the summit.... the best place also to look ahead and plan the onward journey. So far the road has been mostly uphill. We have carried a lot of unwanted luggage as we raced individually towards the top. Those heavy packages of pride, rivalry, jealousy and division we burdened ourselves with over the years are better dropped off now. Bones will get weaker and joints will start to complain. We need to free our hands now...to hold on to another or cling onto a shoulder, as we take those slow and careful steps down. It is better done together so that we don't fall.

Yet, as I stand on the summit today, I cannot completely hide that sense of anxiety of the journey ahead. But there is something I know for sure. No matter how difficult that journey is, I will never be on my own. I will never be short of finding that supporting shoulder or that outstretched hand, if my 42nd batch mates are there with me along the way.



# "AM I GOING TO BE ALL RIGHT?"

Dr. Nilima Rahael Muthachen

"Am I going to be All right?" She was wheeled into the ICU one busy evening-an elderly lady, with her head placed in mechanical cervical traction. Her elderly husband walked beside her to the door of the ICU, and then watched as the doors closed behind her, a look of concern on his wrinkled face. "60 year-old female, well till two days ago, when she developed weakness and numbness of the upper and lower limbs. Radiology shows metastasis from the breast to the cervical spine. An acute fracture dislocation of the lower cervical vertebrae. She is posted for a cervical spine fixation tomorrow." said the neuro surgical resident as he handed over the patient. I walked over to her bedside and smiled hello. She looked apprehensive, in this unfamiliar place. She had been diagnosed two days ago, and it was, understandably, a lot to take in a short amount of time. I quickly went through my checklist of questions. She answered my questions, but all the while I could see her struggling to process what was happening around her. Meanwhile, the nurses took her vital signs and spoke reassuringly to her. I was called away to another patient, and saw her next about three hours later. She had settled down, but still looked apprehensive. She was posted for surgery the next day and I carried the consent forms in my hand. Having spoken to her husband, and having explained to him the anaesthetic process that she would receive tomorrow, I had to walk her through the process as well. As I spoke to her, I saw tears well up in her eyes. She asked "Am I going to be all right?" I tried to allay her fears as much as I could, telling her about what to expect when she went in for surgery the next day. But the question stayed with me as I worked through the night - That is the basic question that all of us worry about- in sickness, in tragedy, in difficulties- "Am I going to be all right?" She had an uneventful surgery to correct her cervical spine, and was shifted out of ICU after a day.

A couple of weeks later, on rounds, a team member mentioned that the lady was starting chemotherapy for her breast cancer. Time flew by in work and life, and I did not think about her for the next few months. About eight months later, as I shifted a patient to the ICU for postoperative monitoring, I saw a face that looked familiar in the next bed. She was sitting up in bed and smiled at me. She had a huge smile on her face. "Do you remember me?" she asked, recognising me. My smile of recognition confirmed her words. I spoke a few words with her. She had come in for a minor surgery the previous day, and was due to be discharged. She said she was back to her usual routine at home, and doing well. It is a blur sometimes, because you see patients come and go in the ICU. But sometimes, just some times... their words stay with us.

(*In the twenty-odd years that we have been doctors, we have all come across patients that have stayed with us- it could be something they said or did, or their diagnosis... or the way they dealt with their circumstances... that made us stop in the middle of our busy days and nights and ponder awhile. This is one such patient that I met a couple of years ago. As we approach a milestone in our path as the 42nd batch of Calicut Medical College, I wanted to share something from my journey as a neuro anaesthesiologist and intensivist.*)




# ഓർമ്മച്ചിത്രങ്ങൾ

ഒറ്റ പതിപ്പുള്ള പുസ്തകമീ ജന്മം
ഒറ്റ തവണയൊരോരോ പുറവും
നോക്കി വയ്ക്കുവാൻ മാത്രം നിയോഗം
പഴയ താളൊക്കെ മറഞ്ഞുപോയി
എന്നേക്കുമെങ്കിലും
ചിത്രങ്ങളായ് കുറിമാനങ്ങളായ്
ചിലതെത്രയും ഭദ്രം.....

ഒ.എൻ.വി.


















42nd in Kadavu - Nov 2013



42nd in Cherai - Aug 2015



42nd in Georgia



42nd in Kapad - Nov 2022



42nd in Maldives June 2023



42nd in Portugal



42nd in Kochi - Aug 2018

# Sixth Sense



Dr. Wales T. George

"James, Have you had the buffet at the Bellagio? Its good... totally worth it, with the all you can eat crab legs, steaks, ribs..."

Derek sounded elated. He doesn't need to do this. A successful American neurosurgeon, standing in line for a buffet in Las Vegas. Height of Irony. Remember the joke? What's the difference between God and a Neurosurgeon? Well, God knows he is no neurosurgeon. Ha ha..

It's not all that strange for me though. Brings back memories, like your wait at the Amma Restaurant. Except you are probably drunk, has lost a lot of money gambling, and yes, it's the palatial hotel with artworks, murals, museum replicas, air conditioning. Hasn't this been fantastic? A week vacay at the Las Vegas Strip. Party all night, binge on delicious food, sleep till noon, rinse and repeat. I don't even remember all the things that happened, the people we met, the exotic dancers we... spoke to.

“Sleeping or day dreaming, James?" Sunny Mathews is mad. That's not good. When he is ready and at your hotel door, you should be ready too. At least that's the expectation. Afterall, he paid for your stay at the Westin, next to the New York financial district. He is taking you to the Sushi restaurant at the Empire State Building. But in my defense, its only noon. Lunch can wait, until I take that Aspirin and Coke. Anyways..

"Sunny, you are the best friend I have. You visit me often, we spend quality time together, you invest in our friendship. One needs to do that. Yeah, sure, we were med school friends. But how many of our batch mates call me now? A handful. That's it. I love you man"

"Yeah, James, sure, sure.. cut the crap. Are you getting ready or what?"

And yes. The sushi was great. The fish melted like butter in my mouth. Chef didn't talk much, but he did share some secrets to Sunny, about his formative years in Japan. So, what if we spend 500 dollars for lunch.

"Grand Canyon is just breathtaking for me. Every time. It's like a huge mountain range has been carved out of ground. Have you taken the chopper tour, James? Or the white water rafting? Once in a life time experience."

Shilpa gets so excited taking about the Grand Canyon. She got the opportunity to move to US, and was given a few options about where she would be working, Phoenix Arizona, Chicago Illinois, Cleveland Ohio, New Orleans, Louisiana. Four cities with nothing in common. Weather, terrain, people, even politics so different. She had no idea whatsoever though. She had seen an Arizona Jeans ads in a magazine, and chose AZ. Little did she know about the Sonoran Desert, the scorching heat or the sprawling highways with breakneck traffic. But she is loyal. Loves Arizona with all her heart. Goes to Prescott to see the snow, Meditation retreat in Sedona and annual Grand canyon trips- just to be awestruck. God, isn't she fantastic. This is going to be a great Vacay too.

"Mike, what time is it?"

"Oh good morning sunshine! Rather good afternoon.. James, you said you would come with me to the ER today. Boy aren't you a sleepy head?! Okay now, I have to go to the inpatient unit now. You wanna tag along?"

Minneapolis Winter is beautiful. A foot of snow is but another Wednesday for a Minnesotan. Sure, Schools would be 2 hrs. late, but hell yeah, we will be working! The drive to University hospital was as uneventful as it could be. You just drive 55 miles an hour behind a snow plough truck. When we got there, no one was outside the hospital, but the parking lot was full. Even the Air Ambulance on the

helipad.

"Good Morning Dr, how are you?" The security guard was as ready to take on the world, beaming in high spirits.

"I am good, how are you?" Mike said. But it was awkward. He didn't introduce me. What's up with that?

To get to the Psych unit, you need to go through two sets of locked doors. One set of doors will stay closed when the other is open. It's fun to see consultants trying to rush through them, trying to pull open the doors, realizing the issue, and sigh in despair. Not all badges work here. Any visitors will have to go through a metal detector and lock away their belongings. Good, I didn't have to do any of that, Afterall, I am the esteemed guest of the inpatient psychiatrist.

"So James, you see that young lady? She is here because of a first psychotic break. Since admission, she hasn't really talked to me. Yesterday, out of the blue, she came to me and told me that she is no longer intimidated to talk to me. Why? Because I was wearing the sweater backwards. How can a man wearing the sweater backwards judge her? That was her reasoning"

Interesting. I had an elective psych rotation during residency. Totally not necessary for ophthalmology, but I did it for the fun of it. Surprised to find out that all the movie archetypes were wrong. Psych units were largely quiet. Patients and staff getting along with their own business. Sometimes you hear screams. From locked rooms at the far end of the hallway though.

"James, you are day dreaming again"

"Yeah, Mike, I have caught myself doing that a lot, recently. I am a little worried. I can't say that everything that happens around me make complete sense now. There are gaps in my memory. Yes, I have been known to drink a little, perhaps a few blackouts here and there. But this is ridiculous."

"Why what happened?"

"Mike, I was in Las Vegas 2 wks. ago, then in NYC, then at the Grand Canyon, and now here in the Midwest. I don't remember traveling. I don't remember anything in between. I am only 45, it's not like I have dementia"

"Hmmn.. that's interesting.. do you want to talk about it?"

"F... you and your psych crap - I am serious. Listen. All the more strange, it was Fall in Las Vegas, Summer in New York, Spring in Arizona and Winter here now. How is that even possible? These seasons should be many months apart, and they are out of order. As I remember it, they all happened in the last month."

"Interesting, James. That sort of experience is rare. Let me tell you something. You might want to sit down for this..."

What Mike said afterwards didn't make full sense either. But it was a start. It was profound. He told me I had died a couple of years earlier. Rather, I killed myself with my Glock 19. But before I died, they were able to transcribe my brain to a computer. All the cells, neural networks and the memories. This process was expensive. So, bunch of my med school classmates chipped in and paid for it. Why? Because I was the best drink buddy they had. They ever had....The whole architecture of my mind was uploaded into an AI. And now I was capable of new memories. New experiences with my friends! Party, travel with them, even have intimate relationships. They are able to add templates, have me share my experiences, edit my emotions or even problem solve. The gaps in memories are glitches. My friends, in different parts of the country, deciding to get my company would download me to their app, and the party begins! When they want it, when they can. But this sometimes create conflicting environm ents and schedules. BTW, the memories and emotions around my last days were eliminated on purpose.

"Mr James Joseph, can you confirm your date of birth? We need to draw blood for your weekly clozapine monitoring"

Man! You startled me. But what the actual F. The system even accounted for this scenario? As soon as my dear friend revealed a no-share-secret to me, made up a plausible explanation for me. In a matter of seconds! Clozapine? Sure. Is it so that I don't self-destruct? Brilliant. Just Brilliant. Sure, phlebotomist, you can draw my blood...

# വീണു പോകാത്ത ശിഖരം



ഡോ. നിഷിൽ മുഹമ്മദ്

**കോ**ളേജിൽ നിന്ന് പടിയിറിയിട്ട് വർഷം ഒത്തിരി ആയിരിക്കുന്നു. ഉപരിപഠനം, കുടുംബം, പ്രവാസം എന്നിങ്ങനെ പല പ്രാരാബ്ധഭാണ്ഡകെട്ടും പേറിനടക്കുന്നതിനിടയിൽ കോളേജിന്റെ ഓർമ്മകൾ ഏതോ മൂലയിൽ ഒതുങ്ങിപോയിരിക്കുന്നു. ഒരു അവധിക്ക് നാട്ടിൽ വന്നപ്പോൾ കോളേജ് ഒന്ന് സന്ദർശിക്കണമെന്ന് അതിയായ ആഗ്രഹത്താൽ മെഡിക്കൽ കോളേജിലേക്കു ബസ് പിടിച്ചു. കോളേജ് ജംഗ്ഷനിൽ ബസ് ഇറങ്ങി നടക്കുമ്പോൾ ഉള്ളിൽ തിളച്ചു മറിയുന്ന നൊസ്റ്റാൾജിയ, ഓരോ കാഴ്ചകളും ഓരോ ഓർമ്മച്ചെപ്പുകൾ തുറക്കുന്നു.

മിൽമ ബൂത്തിൽ പതിവുപോലെ അത്യാവശ്യം തിരക്കുണ്ട്. യാത്ര കഴിഞ്ഞ് ഇറങ്ങിയതല്ലേ, എന്തെങ്കിലും കുടിച്ചിട്ട് നീങ്ങാമെന്ന് ഞാൻ കരുതി. ചൂടുള്ള കോഫി ആസ്വദിച്ചു കുടിക്കുമ്പോൾ മിൽമ ബൂത്തിലെ ജോലിക്കാർക്കിടയിൽ ആ പഴയമുഖം അവിടെയുണ്ടോ എന്ന് തിരഞ്ഞു നോക്കി. മൂന്നാം വർഷമായിരുന്നു ആ സംഭവം. കോളേജിൽ ഉടലെടുത്തിട്ടുള്ള ബന്ധങ്ങളുടെ അർത്ഥവ്യാപ്തി ഇന്നും എനിക്ക് വ്യക്തമായി അറിയില്ലെങ്കിലും അവയിൽ ഏറിയ പങ്കും മധുരമുള്ള ഓർമ്മകൾ തന്നെ. പിന്നെ ചില ചെറിയ പൊട്ടലും ചീറ്റലും ഉണ്ടാവുമല്ലോ. അങ്ങനെയുള്ള  ഒരു ബന്ധത്തിന്റെ പരിസമാപ്തി 'ഞാൻ തിരസ്കരിക്കപ്പെട്ടിരിക്കുന്നു" എന്ന തോന്നലിലാണ് കോളേജ് പോർട്ടിക്കോയിൽ നിന്ന് അന്ന് ഇറങ്ങിയത്. നേരെ മിൽമ ബൂത്തിലേക്ക് ആണ് പോയത്. കൂടെ സുഹൃത്ത് ബേബിയും ഉണ്ടായിരുന്നു. പുറത്ത് ഉഷ്ണകാലത്തിന്റെ അസഹ്യമായ ചൂട്, അവഗണിക്കപ്പെട്ടതിന്റെ നീറ്റൽ ഉള്ളിലും, എങ്കിലും ചെന്നപാടെ പതിവുപോലെ രണ്ട് ചായ തന്നെ പറഞ്ഞു. ഒരാൾ നമ്മളെ പരിഗണിച്ചില്ലെങ്കിൽ അതിനെ അവഗണിക്കണം, വിട്ടുകള എന്നു ചിന്തിക്കാനുള്ള പക്വമായ ഒരു മനസ്സിന്റെ ഉടമയായിരുന്നില്ല അന്ന് ഞാൻ. ഒരു പക്ഷേ അയാൾ മനസ്സിൽ പോലും കരുതാത്ത കാര്യം ആയിരിക്കും. എന്തോ, അന്നെനിക്ക് അതൊരു നിന്ദ്യമായ അവഹേളനം പോലെയാണ് തോന്നിച്ചത്. അത് ഉള്ളിൽ കിടന്നു പുകയുന്നു. മിൽമ ബൂത്തിൽ പതിവു പോലെ തിരക്കുള്ളതിനാൽ ഞാൻ പറഞ്ഞ ചായ എത്തിയിട്ടില്ല. അയാളോട് ഒന്നുകൂടി ചായ ഓർമ്മിപ്പിച്ചു. എന്നെ ഒന്ന് നോക്കി അയാൾ വീണ്ടും മറ്റുള്ളവർക്ക് ചായ വിളമ്പുന്ന തിരക്കിലാണ്. കുറച്ച് നിമിഷം കഴിഞ്ഞ് പിന്നെയും ഒന്ന് ഓർമ്മപ്പെടുത്തിയപ്പോൾ, വെയിറ്റ് ചെയ്യൂ എന്ന മറുപടി.

ഒരിത്തിരി നേരം കൂടി കാത്തു നിൽക്കാനുള്ള ക്ഷമ ഉണ്ടായില്ല. അയാളുടെ മറുപടിയിൽ ഒരു പുച്ഛഭാവം ഉണ്ടോ, വീണ്ടും അവഗണിക്കപ്പെടുന്നുവോ, ഉള്ളിൽ കത്തിയെരിയുന്ന അമർഷം പെട്ടെന്ന് പുറത്തോട്ട് വന്നു.

"നിന്നോടല്ലെടാ ചായ ചോദിച്ചത്" ആക്രോശിച്ചു കൊണ്ട് ഞാൻ അയാളുടെ അടുത്തേക്ക് ചെന്നു. "എത്ര നേരമായി ഞാൻ ഇവിടെ കാത്തു നിൽക്കുന്നു. നിനക്കെന്താ എനിക്ക് ചായ തന്നാൽ?" ഞാൻ തട്ടിക്കയറുകയാണ്.

വെള്ളക്കോട്ടിട്ട ഭാവിയിലെ ഭിഷഗരന്റെ അപ്രതീക്ഷിതമായ രോഷഭാവം അയാളെ സ്തബ്ധനാക്കി. സംഭവം പന്തി അല്ലെന്ന് മനസ്സിലാക്കി നാട്ടുകാർ കൈവെക്കുന്നതിനു മുന്നേ ബേബി എന്നെയും വലിച്ചു കൊണ്ട് വേഗം അവിടെ നിന്ന് നീങ്ങുമ്പോൾ താൻ ചെയ്ത തെറ്റ് എന്തെന്നറിയാതെ എന്നെയും നോക്കി നിൽക്കുന്ന അയാളുടെ മുഖം ഇപ്പോഴും ഞാൻ മറന്നിട്ടില്ല. പിന്നീട്, ചെയ്തുപോയ മോശത്തരത്തിന്റെ ഏറ്റുപറച്ചിലിനായി പലപ്രാവശ്യം മിൽമയിൽ പോയിട്ടുണ്ട്. പക്ഷേ അപ്പോഴൊന്നും അയാൾ എനിക്ക് മുഖം തന്നില്ല. ആ മുഖം ഇപ്പോൾ ഇവിടെയില്ല. പുതിയ മേച്ചിൽ പുറങ്ങൾ തേടി അയാളും എങ്ങോട്ടോ പോയിട്ടുണ്ടാവാം.

മിൽമ ബൂത്തിൽ നിന്ന് ഇറങ്ങി കോളേജിലേക്ക് വീണ്ടും നടന്നു. ഈ വഴികളിൽപോലും എത്രയെത്ര ഓർമ്മകൾ തങ്ങിനിൽക്കുന്നു.

കോളേജിലെ എല്ലാ ബന്ധങ്ങളും രമ്യതയിലൂടെ ഉരുത്തിരിഞ്ഞതാവണമെന്നില്ല. ചില ബന്ധങ്ങൾ കലഹത്തിലൂടെയും ഉണ്ടാവാം. അപ്രസക്തമായ ചില ഒന്നാം വർഷ പൊരുത്തപ്പെടലിന്റെ ഭാഗമായാണ് അവനുമായി ഉരസിയത്. എന്തോ ആ രാത്രി ഉള്ളിൽ ഒരു എടങ്ങേറ്. രാത്രി എണീറ്റ് അവനെ കാണാൻ ചെന്നു. പാതി രാത്രി കഴിഞ്ഞിട്ടും അവൻ കിടക്കാൻ എത്തിയിട്ടില്ല. രാവിലെ എണീറ്റ് നോക്കുമ്പോൾ അവൻ നല്ല ഉറക്കത്തിലാണ്. ഉണർത്താൻ ശ്രമിച്ച എന്റെ മുഖത്ത് രൂക്ഷമായി ഒന്നു നോക്കി ഒരു തെറി അഭിവാദ്യം ചെയ്തു. വീണ്ടു ഉറങ്ങി. അന്ന് വൈകുന്നേരം ഈ വഴിയിൽ വച്ച് ഞാൻ അവനെ വീണ്ടും കണ്ടു. ബാഗൊക്കെ എടുത്ത് വീട്ടിലോട്ടു പോവുകയാണ്. അവന്റെ മുന്നിൽ ചെന്ന് തോളിൽ കൈവച്ചുകൊണ്ട് ഞാൻ പറഞ്ഞു. ''വിട്ടുകളയടാ.'' രൂക്ഷഭാവത്തോടെ വീണ്ടും എന്നെ നോക്കി. ഒരു തെറിയഭിഷേകമോ അടിപ്പടക്കമോ ഉണ്ടാവാം. അപ്രതീക്ഷിതമായി എന്നെ ആശ്ലേഷിച്ചുകൊണ്ട് വികാരഭരിതനായ അവൻ പറഞ്ഞു. "എന്നാലും നമ്മൾ പരസ്പരം കൈവച്ചല്ലോടാ, നീ വിട്ടുകള" കോളേജിലെ ചില സൗഹൃദങ്ങൾ അങ്ങനെയാണ്.

ആ വഴികളിലൂടെ വീണ്ടും ഞാൻ നടക്കുകയാണ്. ഒരു ഓട്ടോറിക്ഷ അരികിലൂടെ പാഞ്ഞുപോയി. വീണ്ടും ഓർമ്മകളിലേക്ക്.

കോളേജിന്റെ ഒത്തൊരുമയുടെ ഫലമായി ബാച്ചിലെ തരുണീമണികളുടെ ഉറക്കം കെടുത്തിയിരുന്ന ഷോമാനെ കെട്ടിപ്പൂട്ടിയതിന്റെ അഭിമാനബോധം നീങ്ങിയിട്ടില്ല. പിറ്റേദിവസം വൈകുന്നേരം കുറച്ചു ബൈക്കുകളിൽ ആയി ഞങ്ങൾ കോളേജിൽ ഒന്ന് ചുറ്റിയടിക്കുകയാണ്. ഒടുവിൽ ഞങ്ങൾ ലേഡീസ് ഹോസ്റ്റലിന്റെ വശത്തുള്ള ഈ വഴിയിൽ വണ്ടി നിർത്തി തലേന്ന് രാത്രി ഷോമാനെ പിടിച്ചതിന്റെ വീരകഥ ഇഴതിരിച്ച് പങ്കുവെക്കുന്നതിനിടയിൽ കാലിയടിച്ച ഒരു ഓട്ടോറിക്ഷ അതുവഴി വന്നു. വഴിമുടക്കി നിൽക്കുന്ന ഞങ്ങളെ നോക്കി ഈർഷ്യഭാവത്തോടെ അയാൾ പറഞ്ഞു. "വഴിയിൽ നിന്നു മാറി നിന്നുകൂടെ?"

ഷോമാനെ പിടിച്ച പുലിക്കുട്ടികളോടാണോ നിന്റെ മുരളൽ എന്ന ഭാവം ഞങ്ങളിൽ എല്ലാവരിലും. ചുവന്ന CBZ ബൈക്കുള്ള ഹാഫ് സ്ലീവ് ബനിയൻ ഇട്ട നമ്മുടെ ബാച്ചിലെ സ്വന്തം മിസ്റ്റർ ഷോഓഫിന്റെ ബൈക്കിന് പുറകിലാണ് ഞാൻ ഇരിക്കുന്നത്. സ്വതസിദ്ധമായ ശൈലിയിൽ ബൈക്കിൽ ഇരുന്നുകൊണ്ടുതന്നെ മൂപ്പരുടെ വക ഒരു ഷോ.

"ഹലോ, ഇത് ഞങ്ങടെ റോഡാണ്, നീയധികം ചൂടാവൊന്നും വേണ്ട, മര്യാദക്ക് വണ്ടിയോടിച്ചു പോയാൽ മതി"

ഓട്ടോക്കാരൻ ഞങ്ങളെയും പിന്നെ CBZ ബൈക്കും ഒന്ന് തുറിച്ചു നോക്കി. റോഷന്റെ പ്രതികരണം ഇത്തിരി അതിര് കടന്നുവോ എന്ന സംശയത്തിൽ ഞാൻ ഇരിക്കുമ്പോഴാണ് മറ്റൊരുത്തൻ ജയൻ സ്റ്റൈലിൽ തന്റെ ബുള്ളറ്റിൽ നിന്ന് ചാടിയിറങ്ങി ഓട്ടോയിലോട്ട് ഏന്തിവലിഞ്ഞ് വേണ്ടുവോളം അസഭ്യം ഒക്കെ ചേർത്തുകൊണ്ട് മുഖം കനപ്പിച്ച് വിരൽചൂണ്ടി ഒറ്റ ഡയലോഗ്. "എടാ ഡാഷ് മോനെ, നിന്റെ ഡാഷിന്റെ വകയൊന്നും അല്ലല്ലോ ഈ റോഡ്, മര്യാദയ്ക്ക് പോയില്ലെങ്കിൽ ഈ വഴി നീ പോകില്ല. കേട്ടോടാ ഡാഷ് മോനെ."


പടച്ചോനെ! സംഭവം കയ്യിൽ നിന്നു പോയി എന്ന് കൂടുതൽ പറയേണ്ടല്ലോ. ഓട്ടോക്കാരൻ ദേഷ്യംകൊണ്ട് വിറക്കുകയാണ്. "നിങ്ങൾ ഇവിടെ നില്ല്, നിങ്ങളെ ഞങ്ങൾ എടുത്തോളാം, കാണിച്ചുതരാമെടാ നിനക്കൊക്കെ"

ഇതും പറഞ്ഞു വണ്ടി സ്റ്റാർട്ട് ആക്കി ആക്സിലേറ്ററും കനപ്പിച്ച് ഒറ്റ പോക്ക്, ആ വാക്കുകളിലെ ഭീഷണിയുടെ മണിമുഴങ്ങി തീരുന്നതിനു മുന്നേ അവിടെ നിന്നവരെല്ലാം പൊടുന്നനെ അപ്രത്യക്ഷമായി. ഞാൻ നോക്കുമ്പോൾ ഏറ്റവും ആദ്യം തടി തപ്പുന്നത് ഡയലോഗ് അടിച്ച ബുള്ളറ്റ് വീരനാണ്. ഞാനും റോഷനും മാത്രം വഴിയിൽ ബാക്കിയായി. "നീ എന്ത് തേങ്ങ കണ്ടിട്ടാണ് ഇവിടെ നിൽക്കുന്നത്, വണ്ടി വിടാൻ നോക്ക് റോഷ" "പോയിട്ട് കാര്യമില്ല ഉണ്ണി, എന്റെ വണ്ടി അവര് മാർക്ക് ചെയ്തിട്ടുണ്ട്., ഇവിടെ റെഡ് CBZ എനിക്ക് മാത്രമേ ഉള്ളൂ. എന്നെ അവർ ഒറ്റക്ക് പൊക്കുന്നതിനേക്കാൾ നല്ലത് ഇവിടെ വച്ച് നേരിടുക തന്നെയാണ്." നിസ്സഹായാവസ്ഥയിൽ ഇത്തിരി തമാശയോടെ റോഷൻ പറഞ്ഞു. തീർന്നില്ല. കോളേജ് ജംഗഷ്നിൽ ഉള്ള എല്ലാ ഓട്ടോകളും ഹെഡ്‌ലൈറ്റ് ഒക്കെ ഇട്ട് ഉച്ചത്തിൽ ഹോൺ മുഴക്കി കൊണ്ടു ചീറിപ്പാഞ്ഞ് വരുകയാണ്. ജംഗ്ഷനിൽ ഇത്രയധികം ഓട്ടോകൾ ഉണ്ടായിരുന്നു എന്നുള്ളത് അപ്പോഴാണ് മനസ്സിലാകുന്നത്. ഓട്ടോകൾ എല്ലാ വശത്തുകൂടെയും ഞങ്ങളെ വളഞ്ഞു. ചാടി ഇറങ്ങിയ ഓട്ടോക്കാർ ഞങ്ങളുടെ നേരെ പാഞ്ഞടുക്കുകയാണ്. എന്തും സംഭവിക്കാം. ഒന്നിച്ചു നേരിടാതെ വേറെ നിവൃത്തിയില്ലല്ലോ, ബൈക്ക് സ്റ്റാൻഡിൽ ഇട്ട് ഇറങ്ങിയ ഞങ്ങളെ തേനീച്ചക്കൂട്ടം പോലെ അവർ വളഞ്ഞു. പിന്നെ രണ്ട് സംഘം തിരിഞ്ഞ് ഞങ്ങളെ അവർ ഇരുധ്രുവങ്ങളിലാക്കി. ഉന്ത്, തള്ള്, തെറി, പുച്ഛം, പരി

ഹാസം എന്നിങ്ങനെ ഓരോരുത്തര് ആയി പലതും പുറത്തെടുക്കുന്നുണ്ട്. എപ്പോ അടി പൊട്ടും എന്ന സംശയം മാത്രമേ ബാക്കിയുള്ളൂ. ഉടനെ തന്നെ ഒരുത്തൻ എന്റെ മുഖത്ത് ഒന്ന് തോണ്ടി. പിന്നെ എല്ലാ ധൈര്യവും സംഭരിച്ച് അവർക്ക് നേരെ വിരൽചൂണ്ടികൊണ്ട് അതിൽ പിടിച്ചുകയറി. “നിങ്ങള് മേത്ത് തൊട്ടു കളിക്കരുത്, അത് ശരിയല്ല” ഒരു നാലഞ്ച് പ്രവശ്യം അതു തന്നെ ഞാൻ പറഞ്ഞുകൊണ്ടിരുന്നു. “തൊട്ടാൽ നീ എന്ത് ചെയ്യുമെടാ” ഓട്ടോക്കാരിൽ ഏറ്റവും കുഞ്ഞനായ ഒരുത്തൻ എന്റെ നേരെ ചീറിയടുത്തു. പിന്നെ എല്ലാ കൂട്ടത്തിനിടയിലും സഹാനുഭൂതിയുള്ള ഒത്തുതീർപ്പ് മനോഭാവമുള്ള ഒരാൾ ഉണ്ടാവുമല്ലോ. ഭാഗ്യം, അത്തരത്തിലുള്ള മുതിർന്ന ഒരു ഓട്ടോക്കാരൻ മുന്നോട്ടു വന്നു പറഞ്ഞു. കയ്യാങ്കളി ഒന്നും വേണ്ട, ഒഴിവാക്ക്, അവർക്ക് തെറ്റുപറ്റിയെന്ന് മനസ്സിലായിട്ടുണ്ട്. അത് മതി” ഹാവൂ!! എന്റെ ഭാഗത്തുള്ള രംഗം ഏകദേശം അവസാനിച്ചു. റോഷന് ചുറ്റുമാണ് ഓട്ടോക്കാർ കൂടുതൽ ഉള്ളത്. എന്താണ് അവിടെ സംഭവിക്കുന്നത് എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. കുറച്ച് നിമിഷം കഴിഞ്ഞ് അവിടെയും രംഗം ശാന്തമായപ്പോൾ കൂട്ടത്തിനിടയിൽ നിന്ന് റോഷൻ മെല്ലെ വരുന്നുണ്ട്. മുഖത്ത് പരുക്കുകളൊന്നും കാണാനില്ല. തടിയൂരി എന്നുള്ള ഭാവം അവന്റെ മുഖത്തും നിഴലിക്കുന്നുണ്ട്. അത് മതി.

ആ സംഭവത്തോടെ ഷോമാനെ പിടിച്ച ഞങ്ങളുടെ വീരഘണം ഒന്നു താഴ്ന്നെങ്കിലും ജംഗ്ഷനിലെ ഓട്ടോക്കാരെ നേരിട്ടു എന്നുള്ള ഒരു അഭിമാനബോധം ഇല്ലാതില്ല.

ഞാൻ വീണ്ടും നടന്ന് കോളേജ് അങ്കണത്തിൽ എത്തി. പറയത്തക്ക ഒരു മാറ്റവും ഇല്ല. ഇവിടെ എന്നും വസന്തമാണ്. പന്തലിച്ചു നിൽക്കുന്ന നിത്യഹരിത വൃക്ഷം പോലെ കോളേജ് സ്ഥിതി ചെയ്യുന്നു. കോളേജിൽ തന്നെ ജോലി ചെയ്യുന്ന അഖിലിനെയും സാഗേഷിനെയും ഫൈസലിനെയും ഒക്കെ വിളിച്ചു. എല്ലാവരും ഇത്തിരി തിരക്കിലാണ്. കോളേജിന്റെ ഇറയത്ത് ഇരുഭാഗത്തുമായി സ്ഥിതി ചെയ്യുന്ന ആ പഴയ ഇരിപ്പിടത്തിൽ ഒന്നിൽ ഞാൻ അവരെയും കാത്തിരുന്നു. അധികം തിരക്കില്ല. കുറച്ചു വിദ്യാർത്ഥികളെ മാത്രമേ അവിടെയെങ്ങും കാണാനുള്ളൂ. ഞാൻ അവരെ തന്നെ




ശ്രദ്ധിച്ചിരുന്നു. ഉള്ളിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു അനുഭൂതി. ആ ചെറുപ്പക്കാരിൽ കാണുന്ന ഓരോ ഭാവമാറ്റവും ഒരുനാൾ നമ്മളിലൂടെയും കടന്നു പോയിരുന്നു. അവരെപ്പോലെ സ്വതന്ത്രരായി നമ്മളും ഈ ക്യാമ്പസിന്റെ ഒരു ഭാഗമായിരുന്നു. പെട്ടെന്ന് കൂട്ടത്തോടെ വിദ്യാർത്ഥികൾ വരാൻ തുടങ്ങി. അവരുടെ ക്ലാസ്സ് കഴിഞ്ഞിട്ടുണ്ടാവാം. പിന്നെ അവരുടെ ബഹളമായി. ചിലർ അവിടെ തമ്പടിച്ച് നിൽക്കുന്നു. പലരും എന്നെ ഒന്ന് നോക്കി കടന്നു പോകുന്നുണ്ട്. ഒരു പക്ഷേ അവർ സ്ഥിരമായിരിക്കുന്ന അവരുടെ ഇരിപ്പിടം കയ്യേറിയ എന്നെ അത്ര ബോധിച്ചില്ല എന്ന് തോന്നുന്നു. ഞാൻ അവിടെ നിന്ന് എണീറ്റതും മുന്നിൽ ഒരു വാഹനം വന്നു നിന്നു. അതിൽ എന്റെ പ്രതിബിംബം കാണാമായിരുന്നു. കാലം വരുത്തിയ മാറ്റം എന്നിലും പ്രകടമായിരുന്നു. എന്തോ പെട്ടെന്ന് ഞാൻ അവിടെ പൊരുത്തപ്പെടാത്തപോലെ ഒരു തോന്നൽ. വിളിക്കാതെ വന്ന ഒരു അതിഥിയെപോലെ.

ഞാൻ മെല്ലെ അവിടെ നിന്ന് കോളേജ് പോർട്ടികോയിലോട്ട് കയറി. മുന്നിൽ ഹിപ്പൊക്രേറ്റസിന്റെ ആ ശില്പം തെളിഞ്ഞു നിൽക്കുന്നു. ഞാൻ കുറച്ചു നേരം അവിടെ തന്നെ ആ ശിൽപ്പത്തെ നോക്കി നിന്നു. അതിനു താഴെ കൊത്തിവച്ച ആ വരികളിൽ എന്റെ കണ്ണുകൾ ഉടക്കി. എന്തോ, പെട്ടെന്ന് എന്റെ ഉള്ളിൽ ഒരു മന്ദഹാസം വിരിഞ്ഞു. ആൾക്കൂട്ടത്തിനിടയിൽ തനിച്ചായ എന്നെ തിരിച്ചറിഞ്ഞ് ആരോ വിളിച്ചപോലെ, ആശ്വാസത്തോടെ എന്റെ തോളിൽ കൈവച്ച പോലെ ഒരു തോന്നൽ. അതെ! കാലം എത്ര കടന്നുപോയാലും നമ്മളിൽ എത്ര മാറ്റങ്ങൾ ഉണ്ടായാലും, നമ്മൾ തന്നെ ഓർമ്മകൾ ആയാൽ പോലും, എന്നും ഈ നിത്യഹരിത വൃക്ഷത്തിന്റെ വീണുപോകാത്ത ശിഖരത്തിന്റെ പൊഴിഞ്ഞുപോകാത്ത ദളങ്ങളാണ് നമ്മളെന്നും. ആ നിലക്ക് നമുക്കും നിത്യയൗവനം ആണ്. അറിയാതെ എന്റെ ഉള്ളിലെ മന്ദഹാസം ഒരു ചെറിയ പുഞ്ചിരിയായി എന്റെ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു. ആ ശിൽപ്പത്തിന്റെ കൊത്തിവച്ച നാമത്തിലൂടെ വിരലുകൾ കൊണ്ട് തലോടി നിൽക്കുന്ന എനിക്കു നേരെ കൗതുകത്തോടെ ചോദ്യഭാവത്തിൽ കൈകൾ ചൂണ്ടികൊണ്ട് അവിടെ നിന്നിരുന്ന ഒരു പെൺകുട്ടി ചോദിച്ചു

“‘42nd Batch ആണല്ലേ?”